# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൊടുമൺ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ്എ.പിറ്റിഎ.പി.10/1092/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 22/11/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊടുമൺ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊടുമൺ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുമൺ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.പിറ്റിഎ.പി.10/1092/23 തീയ്യതി: 22/11/2023

## പത്തനംതിട്ട ജില്ലയിലെ കൊടുമൺ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കൊടുമൺ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 16-10-2023 | 21-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-10-2023 | 21-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ അജ്മൽ എ.എസ്., ഓഡിറ്റ് ഓഫീസർ

ശ്രീ സജി എ., ഓഡിറ്റ് ഓഫീസർ

ശ്രീ മഹേഷ്കുമാർ കെ.ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ അരുൺകുമാർ എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ഹരികുമാർ എസ്., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ.കെ. ശ്രീധരൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ പ്രസാദ് പി. | സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീ അരുൺകുമാർ ബി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 31-05-2022 | 03-10-2022 |
| ശ്രീ അനൂപ് മോഹൻ | സെക്രട്ടറി | 03-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. ഗീത കെ. | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ. ദിവിൻ സെൻഗീത് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 01-04-2022 | 29-04-2022 |
| ഡോ. വിനീത് എസ്. | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.) | 30-04-2022 | 31-03-2023 |
| ശ്രീമതി ആദില എസ്. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ചെമ്പക നാരായണൻ | വെറ്ററിനറി സർജൻ(ഇൻ ചാർജ്ജ്) | 01-04-2022 | 25-04-2022 |
| ഡോ. ബിന്ദു ഡി.എസ്. | വെറ്ററിനറി സർജൻ | 26-04-2022 | 29-08-2023 |
| ഡോ. സ്വപ്ന എസ്.പോൾ | വെറ്ററിനറി സർജൻ | 30-08-2022 | 31-03-2023 |
| ശ്രീ അനിൽകുമാർ എം.ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 01-10-2022 |
| ശ്രീമതി സന്ധ്യ എം. ഐ. | ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 09-01-2023 | 31-03-2023 |
| ശ്രീ സിബി മാത്യു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി രജിത ആർ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി പ്രീത എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ രാജേഷ് ആർ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 22-04-2022 |
| ശ്രീ അരുൺകുമാർ ബി. | അസിസ്റ്റന്റ് സെക്രട്ടറി | 23-04-2022 | 31-03-2023 |
| ശ്രീ വിനോദ്കുമാർ വി. | ഹെഡ്മാസ്റ്റർ | 01-04-2022 | 31-05-2022 |
| ശ്രീമതി കെ.വി.കല | ഹെഡ്മിസ്ട്രസ് | 01-06-2022 | 31-03-2023 |
| ശ്രീമതി ദീപ്തി എൽ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.റെജികുമാർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീ സുരേഷ്കുമാർ | ഫിഷറീസ് ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടം പ്രകാരമുള്ള വിവരങ്ങൾ സമർപ്പിച്ചിട്ടില്ല. | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-3 |
| 5 | ശുചിത്വ മിഷൻ ഗ്രാന്റിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | 1-1-4 |
| 6 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് നീക്കിയിരുപ്പ് തുക കൃത്യമല്ല. | 1-1-5 |
| 7 | ജലനിധി പദ്ധതിയ്ക്കായുള്ള മുൻ അക്കൗണ്ടിലെ തുക ലയബലിറ്റിയായി കാണിച്ചിട്ടില്ല. | 1-1-6 |
| 8 | ലൈഫ് ഭവന പദ്ധതിയിൽ KURDFC യിൽ നിന്നും എടുത്ത വായ്പ തുകയുടെ നീക്കിയിരിപ്പ് കൃത്യമല്ല. | 1-1-7 |
| 9 | ഡെപ്പോസിറ്റ് രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | ഇൻവെസ്റ്റ്മെന്റ് ഹെഡ്ഡിൽ തെറ്റായ തുക രേഖപ്പെടുത്തി. | 1-1-9 |
| 11 | വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-10 |
| 12 | പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസസ്- അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-11 |
| 13 | അഡ്വാൻസ് നൽകിയത് ക്രമീകരിച്ചിട്ടില്ല. | 1-1-12 |
| 14 | MGNREGS വരവ് ചെലവ് കണക്കുകളിൽ കൃത്യതയില്ല. | 1-1-13 |
| 15 | ബഡ്ജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം. | 1-3 |
| 17 | ഗ്രാന്റ് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം. | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | ക്ഷേമ പെൻഷനുകൾ | 1-7 |
| 21 | ക്യാഷ് പരിശോധന | 1-8 |
| 22 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | തനത് വിഭവ സമാഹരണത്തിലെ കാര്യക്ഷമത | 1-11 |
| 25 | പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി ധനകമ്മിയിൽ. | 1-12 |

| | | |
|---|---|---|
| 26 | പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-13 |
| 27 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല. | 1-14 |
| 28 | വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുത്തില്ല | 1-15 |
| 29 | മൊബൈൽ ടവറുകളുടെ ക്രമവത്ക്കരണ ഫീസ് കണക്കാക്കിയത് കൃത്യമല്ല | 1-16 |
| 30 | അനധികൃത കൂട്ടിച്ചേർക്കൽ വരുത്തിയത് ക്രമവത്ക്കരിച്ചില്ല, പ്ലോട്ടിൽ പുതിയ കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചു | 1-17 |
| 31 | റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു | 1-18 |
| 32 | വാണിജ്യ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു | 1-19 |
| 33 | അധിക വിസ്തീർണ്ണം ക്രമവത്ക്കരിക്കാതെ ഒക്യുപ്പൻസി അനുവദിച്ചു | 1-20 |
| 34 | HUDCO യിൽ നിന്നും എടുത്ത വായ്പ തിരിച്ചടവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-21 |
| 35 | SSK പദ്ധതിയിൽ വിഹിതം നൽകിയതിന് തുടർനിരീക്ഷണമില്ല, | 1-22 |
| 36 | വിവിധ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല. | 1-23 |
| 37 | പഞ്ചായത്തിനു വാഹനം വാങ്ങിയതിന്റെ IGST അടവാക്കിയിട്ടില്ല. | 1-24 |
| 38 | ആയുർവ്വേദാശുപത്രി കെട്ടിടം ശോചനീയാവസ്ഥയിൽ | 1-25 |
| 39 | സർക്കാർ നിർദ്ദേശ പ്രകാരമുള്ള വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-26 |
| 40 | കരാർ ലംഘനം നടത്തിയ കരാറുകാരനെതിരെ നടപടി സ്വീകരിച്ചില്ല . | 1-27 |
| 41 | കാലാവസ്ഥാ വ്യതിയാനം -പ്രാദേശിക കർമ്മ പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ് | 1-28 |
| 42 | സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ് | 1-29 |
| 43 | ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങൽ- മാർഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-30 |
| 44 | ജീവവർദ്ധിനി ജൈവവളക്കൂട്ട് പദ്ധതി തുടർ പ്രവർത്തനം നിരീക്ഷിക്കേണ്ടതാണ് | 1-31 |
| 45 | അലോപ്പതി മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു. | 1-32 |
| 46 | ഹോമിയോ മരുന്നു വാങ്ങൽ -മരുന്നു പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-33 |
| 47 | അഗതി രഹിത കേരളം പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കേണ്ടതാണ് | 1-34 |
| 48 | നിർമ്മാണ പ്രവൃത്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷയില്ല | 1-35 |
| 49 | കരാർ ചമയ്ക്കാത്ത കരാറുകാരനെതിരെ നിയമ നടപടികൾ സ്വീകരിച്ചില്ല . | 1-36 |
| 50 | ഇ-ടെണ്ടർ ഫീസ് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ഈടാക്കിയിട്ടില്ല. | 1-37 |

## ഭാഗം 2

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കലും നിർദ്ദേശങ്ങളും അനുസരിച്ച് 14-07-2023 ലെ 4(1)-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 29-07-2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കൊടുമൺ ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി കൊടുമൺ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടർ

22-11-2023

## 1-1-1 അക്കൗണ്ടിംഗ് ചട്ടം പ്രകാരമുള്ള വിവരങ്ങൾ സമർപ്പിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷികകണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5212410 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 15898043 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

### 1-1-4 ശുചിത്വ മിഷൻ ഗ്രാന്റിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ഷെഡ്യൂൾ B4- ഗ്രാന്റ് ഫ്രം ശുചിത്വ മിഷൻ ഇനത്തിൽ (Code No- 320100198) 4646014 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. ഈ തുക തനതു ഫണ്ടിലാണ് സൂക്ഷിക്കുന്നത്. അക്കൗണ്ടിൽ മുന്നിരിപ്പ് കാണിച്ചിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെടുന്ന രീതിയിൽ മുൻവർഷങ്ങളിലെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ അക്കൗണ്ടിൽ നിന്നും ക്രമീകരിച്ച തുകയുടേയും നീക്കിയിരിപ്പിന്റെയും കൃത്യത ഉറപ്പാക്കാനായിട്ടില്ല.

### 1-1-5 ധനകാര്യ കമ്മീഷൻ ഗ്രാന്റ് നീക്കിയിരുപ്പ് തുക കൃത്യമല്ല.

ഷെഡ്യൂൾ B4- ധനകാര്യ കമ്മീഷൻ ഗ്രാന്റ് നീക്കിയിരുപ്പ് തുകയായി (Basic, Tied) 7478542 രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ ബാങ്ക് രേഖകൾ പ്രകാരവും ഷെഡ്യൂൾ RP 40(b) പ്രകാരവും 7578902 രൂപയാണ് നീക്കിബാക്കിയായിട്ടുള്ളത്.

### 1-1-6 ജലനിധി പദ്ധതിയ്ക്കായുള്ള മുൻ അക്കൗണ്ടിലെ തുക ലയബലിറ്റിയായി കാണിച്ചിട്ടില്ല.

ഷെഡ്യൂൾ B4- ജലനിധി പദ്ധതിയ്ക്കായുള്ള മുൻ അക്കൗണ്ടിലെ (SBI A/C No. 57058341215) ബാലൻസ് തുകയായ 180227 രൂപ ലയബലിറ്റിയായി കാണിച്ചിട്ടില്ല.

### 1-1-7 ലൈഫ് ഭവന പദ്ധതിയിൽ KURDFC യിൽ നിന്നും എടുത്ത വായ്പ തുകയുടെ നീക്കിയിരിപ്പ് കൃത്യമല്ല.

ഷെഡ്യൂൾ ബി-5:- സെക്യൂർഡ് ലോൺസ്-ലോൺ ഫ്രം കെയുആർഡിഎഫ്.സി- (Code No- 330500201) തൻ വർഷം ലയബലിറ്റിയായി 2152348 രൂപ കാണിച്ചിരിക്കുന്നത് കൃത്യമല്ല. മുൻ വർഷം കുടിശ്ശികയായിട്ടുള്ളത് 2967999 രൂപയാണ് . തൻവർഷം സ്രോതസ്സിൽ നിന്നും ₹2957465 രൂപ അടവാക്കിയിട്ടുമുണ്ട് (842063+2115402). അതിനാൽ നിലവിലെ ലയബിലിറ്റി ₹10534 രൂപയാണ്.

### 1-1-8 ഡെപ്പോസിറ്റ് രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല.

ഷെഡ്യൂൾ B7- ഡിപ്പോസിറ്റ് ഹെഡ്ഡിൽ ലയബലിറ്റിയായി 1202235 രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 1178823 രൂപ മാത്രമാണ് കുടിശ്ശികയായിട്ടുള്ളത്. Contractors SD-18412, Deposits From Others- 5000 എന്നിവ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-9 ഇൻവെസ്റ്റ്മെന്റ് ഹെഡ്ഡിൽ തെറ്റായ തുക രേഖപ്പെടുത്തി.

ഷെഡ്യൂൾ B-12 ൽ ഇൻവെസ്റ്റ്മെന്റ്സ് എന്ന ഹെഡ്ഡിൽ രേഖപ്പെടുത്തിയിട്ടുള്ള 153375 രൂപ ജില്ലാ സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നും ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിനായി ലഭിച്ച തുക തെറ്റായി അക്കൗണ്ട് ചെയ്തതാണ്.

### 1-1-10 വാർഷിക കണക്കുകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

വരവിനങ്ങളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ ഈയിനങ്ങൾക്കായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-11 പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസസ്- അക്കൗണ്ടിംഗ് കൃത്യമല്ല

ഷെഡ്യൂൾ ബി-16:- പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസസ്- മുൻവർഷ തുകയായ 5094391 രൂപയാണ് തൻവർഷവും ഈയിനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

## 1-1-12 അഡ്വാൻസ് നൽകിയത് ക്രമീകരിച്ചിട്ടില്ല.

ഷെഡ്യൂൾ ബി-18: വിവിധ നിർവ്വഹണ ഏജൻസികൾക്ക് (KSEB, KWA) വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂർ തുകയിൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളത് കണക്കിലെടുത്ത് ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല. മുൻ വർഷം 460100103 എന്ന ഹെഡ്ഡിൽ അഡ്വാൻസ് ആയി നൽകിയ ₹1941231 രൂപ തൻവർഷം ക്രമീകരിച്ചിട്ടുള്ളതിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. NREGS ന നൽകിയ അഡ്മിനിസ്ട്രേറ്റീവ് ചെലവ് തുക 4053106 രൂപയിൽ തൻ വർഷം റീഫണ്ട് ചെയ്തിട്ടുള്ള 1698160 രൂപ അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-1-13 MGNREGS വരവ് ചെലവ് കണക്കുകളിൽ കൃത്യതയില്ല.

MGNREGS വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-2 ബഡ്ജറ്റ്

| | |
|---|---|
| ബഡ്ജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ തീയതി | 21.03.2022 |
| ബഡ്ജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തീയതി | 24.03.2022 |
| റിവൈസ്ഡ് ബഡ്ജറ്റ് അംഗീകരിച്ച തീയതി | 10.03.2023 |

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 20865194 | 32055658 | -11190464 |
| വരവ് | 212141104 | 40372323 | 171768781 |
| ആകെ | 233006298 | 72427981 | 160578317 |
| ചെലവ് | 231052932 | 35159913 | -195893019 |
| നീക്കിയിരിപ്പ് | 1953366 | 37268068 | -35314702 |

## 1-3 സാമ്പത്തിക വിശകലനം.

(1) രസീത്&പേയ്മെന്റ് അക്കൗണ്ട്

| | |
|---|---|
| മുന്നിരിപ്പ് | 32055658 |
| വരവ് | 40372323 |
| ആകെ | 72427981 |
| ചെലവ് | 35159913 |
| നീക്കിയിരിപ്പ് | 37268068 |

(2)ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്

| | |
|---|---|
| വരവ് | 213385162 |
| ചെലവ് | 199754253 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ട് | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം അനുവദിച്ച തുക | ആകെ | ചെലവ് | ലാപ്സായ തുക/ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 20976000 | 20976000 | 19004483 | 1971517 |
| വികസന ഫണ്ട് (SCP) | 0 | 18392000 | 18392000 | 16614848 | 1777152 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (TSP) | 0 | 0 | 0 | 0 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 2591156 | 3069762<br>5064000(PFMS) | 3069762<br>5064000 | 0<br>243765 | 3069762 (Lapse)<br>4820235<br>(നീക്കിയിരുപ്പ്) |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Un Tied) | | 644320 (PFMS)<br>3376000 | 644320<br>3376000 | 0<br>3375643 | 644320(Lapse)<br>6357<br>+Interest- 167154 |
| | | | ആകെ നീക്കിയിരുപ്പ് | | 4987746 + (OB) 2591156 =7578902 |
| ഹെൽത്ത് ഗ്രാന്റ് -ഇൻഫ്രാസ്ട്രക്ച്ചർ | 0 | 325437 | 325437 | 309620 | 15817 |
| ഹെൽത്ത് ഗ്രാന്റ് - HWC | 0 | 187595 | 187595 | 0 | 187595 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 0 | 10102367 | 10102367 | 3796614 | 6305753<br>(Lapsed) |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 0 | 6510000 | 6510000 | 6504997 | 5003<br>(Lapsed) |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| ICDS | 0 | 1243512 | 1243512 | 1139688 | 103824 |
| ശുചിത്വ മിഷൻ | 4646014 | 211594 | 4857608 | 211594 | 4646014 |
| MGNREGS | 0 | 2336447<br>63137833 | 2336447<br>63137833 | 534987<br>63137833 | 1801460 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | |
| സാക്ഷരത | 22067 | 0 | 22067 | 0 | 22067 |
| PYCKA | 29886 | 0 | 29886 | 0 | 29886 |

ഗ്രാന്റ് വിനിയോഗ പത്രിക -അപാകതകൾ.

സോഴ്സ് ഡിഡക്ഷൻ നടത്തിയ തുകകൾ ACR ൽ ഉൾപ്പെടാത്തതുകാരണം ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചെലവായി ഈ തുകകൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല.എന്നാൽ ഈ പദ്ധതികളുടെ ചെലവുകൾ കൂടി ചെലവ് പത്രികയിൽ ഉൾപ്പെടുന്നുണ്ട്. ഇത് കാരണം ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ബാലൻസ് തുകകൾ കൃത്യമല്ല.

1) അങ്കണവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത ₹13,14,000 രൂപ വികസന ഫണ്ട് (ജനറൽ) വരവിൽ ഉൾപ്പെടുത്തിയില്ല.

2) ലൈഫ് മിഷൻ വായ്പ തിരിച്ചടവ് ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത₹842063 രൂപ വികസന ഫണ്ട് (ജനറൽ) വരവിൽ ഉൾപ്പെടുത്തിയില്ല.

3) അങ്കണവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തതിൽ ഒരു ഗഡുവായ ₹4,38,000 രൂപ വികസന ഫണ്ട് (ജനറൽ) ചെലവിൽ ഉൾപ്പെടുത്തിയില്ല.

4) ലൈഫ് മിഷൻ വായ്പ തിരിച്ചടവ് ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത₹2115402 രൂപ വികസന ഫണ്ട് (SCSP) വരവിൽ ഉൾപ്പെടുത്തിയില്ല.

5) സ.ഉ (സാധാ) നം. 8253/2022/ധനവകുപ്പ് ഉത്തരവ് പ്രകാരം മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിൽ അനുവദിച്ച ₹2373667 രൂപ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി എടുത്തിട്ടില്ല.

## 1-5 പദ്ധതി അവലോകനം.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തത് (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ചെലവ് ശതമാനം |
|---|---|---|---|---|---|
| 176 | 126621111 | 117 | 68497255 | 59 | 54.1 |

വിവിധ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചെലവ് വിശദാംശങ്ങൾ

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ എണ്ണം | അടങ്കൽ തുക | നിർവ്വഹണം നടത്തിയ പദ്ധതികളുടെ എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | അഗ്രിക്കൾച്ചറൽ ഓഫീസർ | 13 | 21060453 | 11 | 6300561 | 29.92 |
| 2 | വെറ്റിനറി സർജൻ | 7 | 1597975 | 7 | 1082358 | 67.73 |
| 3 | മെഡിക്കൽ ഓഫീസർ (PHC) | 9 | 3683365 | 8 | 3219458 | 87.41 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 7 | 3186777 | 7 | 3181987 | 99.85 |
| 5 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 1000000 | 2 | 1000000 | 100 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17 | 43696913 | 11 | 22588375 | 51.69 |
| 7 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 60000 | 1 | 45000 | 75 |
| 8 | ICDS സൂപ്പർവൈസർ | 8 | 5944080 | 6 | 4576834 | 77 |
| 9 | സെക്രട്ടറി | 35 | 18479935 | 25 | 13385495 | 72.43 |
| 10 | ഹെഡ് മാസ്റ്റർ | 1 | 1132320 | 1 | 1095000 | 96.7 |
| 11 | അസിസ്റ്റന്റ് എഞ്ചിനീയർ | 62 | 20321843 | 28 | 7935879 | 39.05 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 4928250 | 6 | 3050413 | 61.9 |
| 13 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 1529200 | 4 | 1035895 | 67.74 |
| | ആകെ | 176 | 126621111 | 117 | 68497255 | 54.1 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 2336447 | 2336447 | 534987 | 1801460 |
| ഗുണഭോക്താക്കൾക്ക നേരിട്ട് നൽകിയത് | 0 | 63137833 | 63137833 | 63137833 | 0 |

## 1-7 ക്ഷേമ പെൻഷനുകൾ

| പെൻഷൻ ഇനം | ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 5797200 | 443 |
| മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 4788300 | 374 |
| വിധവാ പെൻഷൻ | 14519500 | 1254 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 33772600 | 2883 |
| അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 612800 | 51 |
| തൊഴിൽ രഹിത വേതനം | 2160 | 3 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.10.2023 തീയതിയിൽ 1 PM-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 10598 (പതിനായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജന പ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്. വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിൽ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുകയും ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൗച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്, ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങി സൂക്ഷിക്കുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മിറ്റികളുടെ ചുമതലയിലല്ല എല്ലാ വാങ്ങലുകളും നടത്തിയിട്ടുള്ളത്. സ്റ്റോക്ക് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിച്ചുവരുന്നുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. റോഡ്കണക്റ്റിവിറ്റി പ്ലാൻ ,സോഷ്യൽമാപ്പ് ഇവ കാലികമല്ല. നികുതിപിരിവിന്റെ കാര്യക്ഷമത ഊർജ്ജിതമാക്കി 100 ശതമാനം പിരിവ് കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പണമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ നിർവ്വഹിക്കുന്നതിന് ശക്തമായ ആഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09/11/2020 മുതൽ 11/11/2020 വരെ | 2015-16 മുതൽ 2019-20 വരെ | 21/12/2020 |
| പെർഫോമൻസ് ഓഡിറ്റ് | 24/06/2022 മുതൽ 25/06/2022 വരെ | 01-01-2022 മുതൽ 31-03-2022 വരെ | 25/06/2022 |

## 1-11 തനത് വിഭവ സമാഹരണത്തിലെ കാര്യക്ഷമത

നികുതി വരുമാനം

വസ്തുനികുതി, തൊഴിൽ നികുതി എന്നിവയാണ് പഞ്ചായത്തിന്റെ നികുതിയിനത്തിലുള്ള വരുമാന മാർഗ്ഗങ്ങൾ. അവ പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്. എന്നാൽ വസ്തുനികുതി പിരിവ് 100ശതമാനം കൈവരിക്കാൻ സാധിച്ചിട്ടില്ല. ആകെ ഡിമാന്റിന്റെ 87 ശതമാനമാണ് പിരിച്ചെടുത്തിട്ടുള്ളത്. കുടിശ്ശികയിനത്തിൽ 6.32 ലക്ഷം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. . തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും നികുതി പിരിച്ചെടുക്കുന്നതിനും സാധിച്ചിട്ടില്ല.

ഓഡിറ്റ് വർഷത്തെ നികുതി പിരിവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| വസ്തുനികുതി | 4850817 | 4218187 | 632630 | 86.96 |
| തൊഴിൽ നികുതി-ജീവനക്കാർ | 1078900 | 1078900 | 0 | 100% |
| തൊഴിൽ നികുതി-ഇൻസ്റ്റിറ്റ്യൂഷൻസ് & ട്രേഡേഴ്സ് | 530130 | 530130 | 0 | 100% |

2021-22 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ നികുതി പിരിവിലുണ്ടായ പുരോഗതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | 2021-22 | 2022-23 | വർദ്ധനവ്/കുറവ് | വർദ്ധനവ്/കുറവ്ശതമാനം |
|---|---|---|---|---|
| വസ്തുനികുതി | 4051209 | 4218187 | 166978 | 4.12 |
| തൊഴിൽ നികുതി-ജീവനക്കാർ | 1199096 | 1078900 | -120196 | -10.02 |
| തൊഴിൽ നികുതി-ഇൻസ്റ്റിറ്റ്യൂഷൻസ് & ട്രേഡേഴ്സ് | 428420 | 530130 | 101710 | 23.74 |

മുൻ വർഷത്തെ അപേക്ഷിച്ച് വസ്തുനികുതിയിൽ 4.12 ശതമാനത്തിന്റെയും ഇൻസ്റ്റിറ്റ്യൂഷൻസ് & ട്രേഡേഴ്സിന്റെ തൊഴിൽ നികുതിയിൽ 23.74 ശതമാനത്തിന്റെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽജീവനക്കാരുടെ തൊഴിൽനികുതിയിൽ 10.02 ശതമാനത്തിന്റെ കുറവ് ഉണ്ടായിട്ടുണ്ട്. തൊഴിൽ നികുതിയുടെ കളക്ഷൻ തുക തന്നെ ഡിമാന്റായി സാംഖ്യയിൽ രേഖപ്പെടുത്തുന്ന പ്രവണതയും നിലനിൽക്കുന്നുണ്ട്.

നികുതിയേതര വരവുകൾ

ലൈസൻസ് ഫീസ്, വാടക, ബിൽഡിംഗ് പെർമിറ്റ് ഫീസ്, ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് എന്നിവയാണ് പ്രധാനപ്പെട്ട നികുതിയേതര വരവുകൾ അവയുടെ പിരിവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ശതമാനം |
|---|---|---|---|---|
| ലൈസൻസ് ഫീസ് | 227700 | 227700 | 0 | 100 |
| വാടക | 376968 | 320280 | 56688 | 84.96 |
| ബിൽഡിംഗ് പെർമിറ്റ് ഫീസ് | 218229 | 218229 | 0 | 100 |
| ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് | 94453 | 94453 | 0 | 100 |
| മാർക്കറ്റ് വരവ് | 139250 | 139250 | 0 | 100 |

2021-22 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ നികുതി പിരിവിലുണ്ടായ പുരോഗതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | 2021-22 | 2022-23 | വർദ്ധനവ്/കുറവ് | വർദ്ധനവ്/കുറവ്ശതമാനം |
|---|---|---|---|---|
| ലൈസൻസ് ഫീസ് | 111650 | 227700 | 116050 | 103.94 |
| വാടക | 132027 | 320280 | 188253 | 142.59 |
| ബിൽഡിംഗ് പെർമിറ്റ് ഫീസ് | 175329 | 218229 | 42900 | 24.47 |
| ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് | 44461 | 94453 | 49992 | 112.44 |
| മാർക്കറ്റ് വരവ് | 3255 | 139250 | 135995 | 4178.03 |

മുൻ വർഷത്തെ അപേക്ഷിച്ച് നികുതിയേതര വരവുകളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ്, രജിസ്ട്രേഷൻ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തത് മൂലം എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പിക്കാൻ സാധിക്കുന്നില്ല.

പഞ്ചായത്ത് പ്രദേശത്ത് ഇറച്ചി വിൽപ്പനയ്ക്കുള്ള അവകാശം 2022-23-ൽ ലേലം ചെയ്തിരുന്നില്ല. തൻമൂലം ഈയിനത്തിൽ ലഭിക്കേണ്ടതായ വരുമാനം നഷ്ടമായി. പഞ്ചായത്തിൽ ചെറിയ തുക ഫീസടച്ച് കോൾഡ് സ്റ്റോറേജ് ലൈസൻസ് എടുത്തതിനുശേഷം അതിന്റെ മറവിൽ അനധികൃതമായി മൃഗങ്ങളെ കശാപ്പ് ചെയ്ത് ഇറച്ചി വിൽപ്പന നടന്നുവരുന്നുണ്ട്. ഇത്തരത്തിലുള്ള അനധികൃത വിൽപ്പനകൾ തടയുകയും പഞ്ചായത്തിലെ പ്രധാന സ്ഥലങ്ങളിൽ ഇറച്ചി വിൽപ്പന നടത്തുന്നതിനുള്ള അവകാശം ലേലം ചെയ്തു നൽകുകയും ചെയ്തിരുന്നെങ്കിൽ നല്ലൊരു തുക വരുമാനമായി ലഭിക്കുമായിരുന്നു.

1.പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടിയില്ല

തനത് വരവുകളുടെ പിരിവിന്റെ പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അവലോകനം ചെയ്യുകയും ക്യാമ്പ് കളക്ഷനുകൾ ഉൾപ്പെടെ സംഘടിപ്പിച്ച് നികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ വരുമാന മേഖലകൾ കണ്ടെത്തുന്നത് സംബന്ധിച്ച യാതൊരു നിർദ്ദേശങ്ങളും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കപ്പെടുകയോ, ചർച്ച ചെയ്യപ്പെടുകയോ ചെയ്തിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിന് സ്വീകരിക്കാവുന്ന ചില നടപടികൾ ചുവടെ പരാമർശിക്കുന്നു.

1. 2011-ലെ കേരള പഞ്ചായത്ത് രാജ്( വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ പ്രകാരം വസ്തു നികുതിയിൻമേൽ സേവന ഉപനികുതി ചുമത്താമെങ്കിലും ആയതിനുള്ള സാധ്യതകൾ പഞ്ചായത്ത് പ്രയോജനപ്പെടുത്തുന്നില്ല. ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപത്തോ ശുചിത്വ പരിപാലനം, ജല വിതരണം, തെരുവ് വിളക്കുകളും ഡ്രയ്നേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതി നിരക്കുകൾ ചട്ടം 27-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തുനികുതിയുടെ 4%-ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തുനികുതിയുടെ 3%-ൽ കുറയാത്ത തുക |
| തെരുവ് വിളക്കുകൾ | വസ്തുനികുതിയുടെ 2%-ൽ കുറയാത്ത തുക |
| ഡ്രെയ്നേജ് | വസ്തുനികുതിയുടെ 1%-ൽ കുറയാത്ത തുക |

പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി വസ്തു നികുതിയിൻമേൽ സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാധ്യതകൾ പഞ്ചായത്ത് പരിശോധിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2.വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയായില്ല

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023 -ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ മൂന്ന് പ്രക്രിയകളാണുള്ളത്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ആയത് പ്രകാരം 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെ വസ്തുനികുതി 01.04.2023 മുതൽ പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചിട്ടുണ്ട്.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റവെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തുക , സോഫ്റ്റ്വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലം നികുതി നിർണ്ണയത്തിന് അടിസ്ഥാനമാക്കിയ വിവരങ്ങളിൽ നിന്നും വ്യത്യസ്തമാണ് പല കെട്ടിടങ്ങളുടെയും നിലവിലെ അവസ്ഥ . കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്വെയറിൽ ചേർത്ത് , ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതായുണ്ട്. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ആളെ നിയോഗിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ പൂർത്തിയായിട്ടില്ല.

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ഇതിലേക്കായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന

വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 01.04.2023 മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ചത് 18.09.2023-ലെ 5(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി യോഗം അന്തിമമായി നിശ്ചയിച്ച് തീരുമാനിക്കുകയും വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തെ മേഖലകളായി തരംതിരിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കൽ എന്നിവ പുതുക്കി നിശ്ചയിച്ചിട്ടില്ല. 2011-ന് ശേഷം പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങൾ , റോഡുകൾ എന്നിവയ്ക്കുണ്ടായ വികസനങ്ങൾ പരിഗണിച്ച് മേഖലകളായി തിരിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കൽ എന്നിവ പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടതാണ്.

## 1-12 പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി ധനകമ്മിയിൽ.

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ല. പൊതു ആവശ്യ ഗ്രാന്റ് ലഭിക്കുന്നതുകൊണ്ടു മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് എന്നിവ മുടക്കം കൂടാതെ നൽകാൻ കഴിയുന്നത് (തൻവർഷം ലഭിച്ച പൊതു ആവശ്യ ഗ്രാന്റ് 82,80,000 രൂപയാണ്). കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി 86.27 ലക്ഷം രൂപയാണ്. ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ തനത് വരുമാനവും ചെലവുകളും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തനതു വരുമാനം | തുക | തനതു ചെലവുകൾ | തുക |
|---|---|---|---|
| നികുതി വരുമാനം (I-1) | 5815505 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ (I-10) | 12639096 |
| വാടക (I-3) | 498715 | ഭരണപരമായ ചെലവുകൾ (I-11) | 2310967 |
| ഫീസുകളും യൂസർ ചാർജ്ജും (I-4) | 1981025 | പ്രവർത്തന ചെലവുകളും പരിപാലനവും (I-12)) | 2890853 |
| വിൽപ്പനയും കൂലി ചാർജ്ജും (I-5) | 29100 | | |
| പലിശ (I-8) | 587388 | | |
| മറ്റുവരവുകൾ 1-9 | 301630 | | |
| ആകെ വരവുകൾ | 9213363 | | |
| വരവിൽ കവിഞ്ഞ ചെലവ് | 8627553 | | |
| ആകെ | 17840916 | | 17840916 |

അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്വങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതലകളും, ഉത്തരവാദിത്വങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. ദൈനംദിന ചെലവുകൾ വർദ്ധിക്കുമ്പോഴും അതിനനുസൃതമായി വരുമാന വർദ്ധനവ് ഉണ്ടാകാത്തതുമൂലം പഞ്ചായത്തിൽ നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിൽ സ്ഥാപനം പരാജയപ്പെടുന്നു. പ്രാദേശിക സർക്കാരുകളിൽ അർപ്പിതമായിട്ടുള്ള ഭരണഘടനാപരമായ ചുമതലകൾ നിർവ്വഹിക്കുന്നതിന് പഞ്ചായത്തുകൾ സ്വയംപര്യാപ്തമാകേണ്ടത് അനിവാര്യമാണ്.

### തനത് ഫണ്ടിന്റെ നിലവിലെ സ്ഥിതി .

ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം നിക്ഷേപിക്കുന്നതിനായി 2 അക്കൗണ്ടുകളാണ് നിലവിൽ ഉള്ളത്. ആയതിന്റെ 31-03-2023 പ്രകാരമുള്ള നീക്കിയിരുപ്പ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കേരള ഗ്രാമീൺ ബാങ്ക് -8894 | 24281513 |
| SBI 8736 (Epayments) | 2013054 |
| ആകെ | 26294567 |

വിവിധ കേന്ദ്ര/സസ്ഥാനാവിഷ്കൃത പദ്ധതികൾ, ശുചിത്വമിഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ലഭിക്കുന്ന ഫണ്ടുകൾ തനത് ഫണ്ടിലാണ് നിക്ഷേപിക്കുന്നത്. പ്രസ്തുത ഇനങ്ങളിലുള്ള 31.03.2023 ലെ നീക്കിയിരുപ്പ് ചുവടെ ചേർക്കുന്നു.

| ഫണ്ട് | തുക |
|---|---|

| | |
|---|---|
| ICDS കേന്ദ്ര വിഹിതം | 103824 |
| ശുചിത്വമിഷൻ ഗ്രാന്റ് | 4646014 |
| ഡെപ്പോസിറ്റുകൾ | 1202235 |
| ശമ്പളം/എസ്റ്റാബ്ലിഷ്മെന്റ് ബാധ്യതകൾ | 1926721 |
| ആകെ | 7878794 |

തനത് ഫണ്ടിൽ 2.62 കോടി രൂപ അവശേഷിക്കുമ്പോൾ ആകെ 78,78,794 രൂപയുടെ ബാധ്യത നിലനിൽക്കുന്നുണ്ട്. ഇവ കണക്കിലെടുത്താൽ തനതു ഫണ്ടിൽ 1,84,15,773 രൂപ അവശേഷിക്കുന്നുണ്ട്. സർക്കാരിന്റെ പൊതു ആവശ്യ ഗ്രാന്റ് ലഭിക്കുന്നതു കൊണ്ട് മാത്രമാണ് വർഷാവർഷത്തെ ചെലവുകൾ നടത്താൻ ഗ്രാമപഞ്ചായത്തിനു കഴിയുന്നത്. തനതു വരുമാനം വർദ്ധിപ്പിച്ചും ബാധ്യതകൾക്കുള്ള ഫണ്ട് കണ്ടെത്തിയും പഞ്ചായത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കാൻ ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-13 പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളും 2022-23 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ യഥാസമയം കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനും സാധിക്കുന്നില്ല. ഓഡിറ്റ് വർഷം ലൈസൻസ് എടുത്തിട്ടില്ലാത്ത സ്ഥാപനങ്ങൾക്ക് കുറച്ച് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ |
|---|---|
| 1 | സെന്റ് മേരീസ് ഹോസ്പിറ്റൽ, ഇടത്തിട്ട |
| 2 | റേഷൻ കടകൾ |
| 3 | വൈശാഖ് ഹോട്ടൽ |
| 4 | ദേവൂ ഓഫ്സെറ്റ് പ്രസ്സ്, 13/504 |
| 5 | അക്ഷയ കേന്ദ്രം |
| 6 | ഇടത്തിട്ട കെ.യു.സി.എസ്. |
| 7 | നെടുമൺകാവ് കെ.യു.സി.എസ്. |
| 8 | ഡോ.ബാഷ ക്ലിനിക്ക്, ഐക്കാട് |

റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് , തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇത്തരത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് മൂലം ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ വരുമാനത്തിൽ നല്ലൊരു തുക കുറവു വന്നിട്ടുണ്ട്. പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ലൈസൻസ് പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ തദ്ദേശഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ (സ.ഉ.(കൈ)നം.84/2022/തസ്വഭവ തീയതി: 19.04.2022) വിഭവ സമാഹരണം സംബന്ധിച്ച അദ്ധ്യായത്തിൽ (ഖ.5.1(5)) പരാമർശിച്ചിട്ടുണ്ട്. ആയത് പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള സാധ്യതകളും പരിശോധിക്കാവുന്നതാണ്.

## 1-14 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല.

ഗ്രാമപഞ്ചായത്തിന്റെ വളരെ പ്രധാനപ്പെട്ട ഒരു വരുമാന മാർഗ്ഗമാണ് തൊഴിൽ നികുതി. തൊഴിൽ നികുതി അസ്സസ്സ് ചെയ്യുന്നതിനും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് ജീവനക്കാരുടെ തൊഴിൽ നികുതി കാര്യക്ഷമമായി പിരിച്ചെടുക്കുന്നത്. ആകെ 88 സ്ഥാപനങ്ങളിൽ നിന്നുമാണ് ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് പിരിച്ചെടുത്തിട്ടുള്ളത്. അവയിൽ ഭൂരിപക്ഷവും സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളാണ്. ഗ്രാമ പഞ്ചായത്തിൽ

നിന്നും ലൈസൻസ് എടുത്ത് 423 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് അവയിൽ ചുരുക്കം ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമേ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളൂ. ലൈസൻസ് നേടിയ ഭൂരിപക്ഷം സ്ഥാപനങ്ങളിലും രണ്ടോ അതിലധികമോ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട്. ആകെ 88 സ്ഥാപനങ്ങൾ മാത്രമാണ് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലുള്ളത്. പഞ്ചായത്ത് പ്രദേശത്ത് സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഉൾപ്പെടെയുള്ള തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഇത്തരത്തിൽ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരിൽ നിന്നും നികുതി പിരിച്ചെടുക്കാത്തത് മൂലം പഞ്ചായത്തിന് വലിയ വരുമാന നഷ്ടം ഉണ്ടാവുന്നുണ്ട്. തൊഴിൽ നികുതി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളുടെ കുറച്ച് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധവർഷം |
|---|---|---|
| 1 | സെന്റ് മേരീസ് ഹോസ്പിറ്റൽ, ഇടത്തിട്ട | 1st & 2nd |
| 2 | റേഷൻ കടകൾ | 1st & 2nd |
| 3 | വൈശാഖ് ഹോട്ടൽ, കൊടുമൺ | 1st & 2nd |
| 4 | ദേവു ഓഫ്സെറ്റ് പ്രസ്സ്, 13/504 | 1st & 2nd |
| 5 | അക്ഷയ കേന്ദ്രം, കൊടുമൺ | 1st & 2nd |
| 6 | ഇടത്തിട്ട കെ.യു.സി.എസ്. | 1st & 2nd |
| 7 | നെടുമൺകാവ് കെ.യു.സി.എസ്. | 1st & 2nd |
| 8 | കെ.എൽ.എം. ആക്സിവ | 1st & 2nd |
| 9 | ഡോ. ബാഷ ക്ലിനിക്ക്, ഐക്കാട് | 1st & 2nd |
| 10 | ചന്ദനപ്പള്ളി എസ്.സി.ബി. | 1st & 2nd |

2. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി അടയ്ക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ

| ക്രമ നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ | അർദ്ധവർഷം |
|---|---|---|
| 1 | അശ്വതി ഫില്ലിംഗ് സ്റ്റേഷൻ, 17/3 | 1st & 2nd |
| 2 | പുതുശ്ശേരിൽ ഇൻഡസ്ട്രീസ്, 5/637, 691 | 1st & 2nd |
| 3 | കോശീസ്, ലോൺഡ്രി, 15/344A | 1st & 2nd |
| 4 | ബി.ബി. ഇൻഡസ്ട്രീസ്, 16/490 | 1st & 2nd |
| 5 | പൊന്നൂസ് ഇൻഡസ്ട്രീസ്, 8/544, 545,546 | 1st & 2nd |
| 6 | സാജ് ഇൻഡേയ്ൻ സർവ്വീസ്, കൊടുമൺ | 1st & 2nd |
| 7 | മീൻപുര, കൊടുമൺ, 16/343, 344, 345 | 1st & 2nd |
| 8 | അനി സിമന്റ് ബ്ലോക്സ്, 1/607 | 1st & 2nd |
| 9 | മെഡികെയർ ലബോറട്ടറി, ചന്ദനപ്പള്ളി | 1st & 2nd |
| 10 | കുളത്തുംകരോട്ട് എന്റർപ്രൈസസ്, 4/547 | 1st & 2nd |
| 11 | ഹോട്ടൽ ചൈത്രം, 7/335 | 1st & 2nd |
| 12 | ആവണി സിമന്റ് ബ്ലോക്ക് ഇൻഡസ്ട്രീസ്, 13/570A | 1st & 2nd |
| 13 | മലബാർ ബേക്ക്സ്, 13/570A | 1st & 2nd |
| 14 | എം. മാർട്ട് സൂപ്പർമാർക്കറ്റ്, 13/361 | 1st & 2nd |
| 15 | ഉപ്പാസ് കാറ്ററിംഗ്, 8/41A | 1st & 2nd |

| | | |
|---|---|---|
| 16 | ബ്യൂട്ടി സ്പോട്ട് ബ്യൂട്ടി പാർലർ, 17/49II | 1st & 2nd |
| 17 | ന്യൂട്രീഷൻ സെന്റർ, കൊടുമൺ, 13/89 | 1st & 2nd |
| 18 | കെ.എസ്.ഇ.ബി. ഓഫീസുകളിലെ കരാർ ജീവനക്കാർ | 1st & 2nd |

തൊഴിൽ നികുതി പിരിവിലെ മറ്റ് അപാകതകൾ

1. ബിവറേജസ് കോർപ്പറേഷൻ വിൽപ്പന ശാലയിൽ 7 ജീവനക്കാർ ജോലി ചെയ്യുന്നതായി ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 3 ജീവനക്കാരുടെ തൊഴിൽ നികുതി മാത്രമാണ് ഒടുക്കിയിട്ടുള്ളത്.
2. പി.സി.കെ. ലാറ്റക്സ് ഫാക്ടറിയിൽ ആകെ 61 ജീവനക്കാരുള്ളതായി ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2022-23 ആദ്യ അർദ്ധവർഷത്തിൽ 13 ജീവനക്കാരുടെയും രണ്ടാം അർദ്ധവർഷത്തിൽ 12 ജീവനക്കാരുടെയും തൊഴിൽനികുതി മാത്രമാണ് ഒടുക്കിയിട്ടുള്ളത്.
3. വൈകുണ്ഠപുരം ദേവസ്വത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട്. എന്നാൽ സബ്ഗ്രൂപ്പ് ഓഫീസറുടെ തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല.

കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച കരാറുകാരിൽ നിന്നും 2022-23 ഒന്ന്, രണ്ട് അർദ്ധ വർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതി ഒടുക്കാത്തവരിൽ നിന്നും ചട്ട പ്രകാരമുള്ള തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-15 വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുത്തില്ല

പഞ്ചായത്തിലെ പാർപ്പിട, പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തു നികുതി, ലൈബ്രറി സെസ്സ് കുടിശ്ശികയിനത്തിൽ സാമ്പത്തിക വർഷാവസാനത്തിൽ 6.32ലക്ഷം രൂപ പിരിച്ചെടുക്കാനായി അവശേഷിക്കുന്നുണ്ട്. ആകെ ഡിമാന്റ് തുകയുടെ 87% മാത്രമാണ് 2022-23-ൽ പിരിച്ചെടുത്തിട്ടുള്ളത്. കുടിശ്ശികയിനത്തിൽ വലിയ തുക ഒടുക്കാനുള്ള കെട്ടിട ഉടമകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | കെട്ടിട നം. | കെട്ടിടമുടമയുടെ വിവരങ്ങൾ | കുടിശ്ശിക തുക |
|---|---|---|---|---|
| 1 | 9 | 473 | ജ്യോതിഷ് കുമാർ, പുഷ്പ വിലാസം | 3969 |
| 2 | 9 | 748 | രാധാകൃഷ്ണപിള്ള, രാധാമണി അമ്മ, രജനി ഭവൻ,കൊടുമൺ | 2598 |
| 3 | 10 | 745 | കലേഷ്, രശ്മി രാജ്, വിധാത്രി,കൊടുമൺ, | 2542 |
| 4 | 11 | 443 | ഷാജു ഡാനിയേൽ, പുതിയവീട്ടിൽ, രണ്ടാംകുറ്റി,കൊടുമൺ | 2730 |
| 5 | 12 | 570A | രാജേഷ്. ജി, കല്പകം,രണ്ടാംകുറ്റി,കൊടുമൺ | 4899 |
| 6 | 12 | 671 | രാജൻകുട്ടി ജോസഫ്, പള്ളി അയ്യത്ത് വീട്,ഐക്കാട് | 2676 |
| 7 | 12 | 755 | സുനിൽ തങ്കച്ചൻ, എപ്രോൺ വില്ല,ചിരണിക്കൽ | 4749 |
| 8 | 13 | 41 | പി.ആർ .മുരളീധരക്കുറുപ്പ്, വള്ളിക്കോട് | 2553 |
| 9 | 13 | 351 | ഷിബു മാത്യു, മടുക്കവിളയിൽ വീട് | 3063 |
| 10 | 13 | 376 | സൂപ്രണ്ട് ഓഫ് പോലീസ് | 5910 |
| 11 | 13 | 377 | ജില്ലാ പോലീസ് സൂപ്രണ്ട്, പത്തനംതിട്ട | 5795 |
| 12 | 13 | 542 | സെക്രട്ടറി, സി.പി.എം. കൊടുമൺ | 5388 |

| | | | | |
|---|---|---|---|---|
| 13 | 13 | 556 | കെ.എൻ.നടരാജൻ, ഷോബുവില്ല,കൊടുമൺ | 4083 |
| 14 | 13 | 679 | സാംകുട്ടി, കുഞ്ഞമ്മ സാം, മടുക്കവിളയിൽ | 3480 |
| 15 | 13 | 969 | ഷിബു ജോയി, അൽബി ഭവൻ,ഐക്കാട്,കൊടുമൺ | 4566 |
| 16 | 13 | 1027 | ശാമുവേൽ, പുത്തൻവിളയിൽ,കൊടുമൺ | 5058 |
| 17 | 14 | 365A | സുമേഷ്, വടക്കടത്തു കിഴക്കേതിൽ,ഐയ്ക്കാട് | 3128 |
| 18 | 14 | 749 | വിജയമ്മ, ആലപ്പാട്ട് കിഴക്കേതിൽ ജിനു ഭവനം,ഐകാട് | 5553 |
| 19 | 15 | 570 | മഹേഷ് ജി.കുറുപ്, രാധാ മാധവം,ഐയ്ക്കാട് | 2696 |
| 20 | 15 | 632 | തങ്കമ്മ, വെള്ളൻറയ്യത്ത് വീട്,ഐയ്ക്കാട് | 2734 |
| 21 | 16 | 386 | ശശിധരൻ നായർ, അജിത് ഭവൻ,ഐക്കാട് | 2883 |
| 22 | 17 | 828 | മണിയമ്മ, കല്ലുംപുറത്തു തെക്കേതിൽ,കൊടുമൺ | 2874 |
| 23 | 17 | 829 | മണിയമ്മ, കല്ലുംപുറത്തു തെക്കേതിൽ,കൊടുമൺ | 2820 |
| 24 | 18 | 453 | വിൽസൺ, എരുത്തിലുവിളയിൽ | 3351 |
| 25 | 18 | 621 | ഏച്ച്.എ.നസീർ, കെട്ടിടത്തിൽ വീട്,ചന്ദനതോപ്പ്, കൊല്ലം, | 13194 |

വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/19.10.2023), കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തനത് വരുമാന ഡിമാന്റിന്റെ 90 ശതമാനമെങ്കിലും പിരിവ് കൈവരിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും 1% കുറവ് വരുത്തേണ്ടതാണെന്ന ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിലെ 8-ാമത് ശുപാർശ അംഗീകരിച്ച് 18.12.2022-ൽ സ.ഉ.(കൈ.)നം.179/2022/ധന നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെ സ്വീകരിച്ച് വസ്തു നികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 മൊബൈൽ ടവറുകളുടെ ക്രമവത്ക്കരണ ഫീസ് കണക്കാക്കിയത് കൃത്യമല്ല

ശ്രീമതി സ്വപ്ന ഗോപി, പാലവിളയിൽ, കൊടുമൺ എന്നയാളുടെ ഉടമസ്ഥതയിൽ കൊടുമൺ വില്ലേജിൽ ബ്ലോക്ക് നമ്പർ 22-ൽ സർവ്വേ നം. 239/7-9 -ലുള്ള 223.5ച.മീ. പ്ലോട്ടിൽ മൊബൈൽ ടവർ നിർമ്മിക്കുന്നതിന് റിലയൻസ് ഇൻഫോ ലിമിറ്റഡിന് 23.05.2018-ൽ C3-BA(254911)/2018 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു. എന്നാൽ നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ പ്ലാൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയത് 22.10.2022-ൽ മാത്രമാണ്. പെർമിറ്റിന്റെ കാലാവധി കഴിഞ്ഞിരുന്നതിനാൽ ക്രമവത്ക്കരണം നടത്തി 16/215A എന്ന കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. ടവറിന്റെ ക്രമവത്ക്കരണ ഫീസായി 20000രൂപയാണ് ഈടാക്കിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ്(കെട്ടിട നിർമ്മാണ) ചട്ടങ്ങൾ 2019 ചട്ടം 87(6)(a), (B) എന്നിവ പ്രകാരം ടവറിന് 10000രൂപയും ഇൻ ഘടനകളുടെ ഒരു യൂണിറ്റിന് 2500 രൂപയുമാണ് പെർമിറ്റ് ഫീസ്. ടവറിന്റെ ക്രമവത്ക്കരണം അനുവദിച്ചപ്പോൾ പെർമിറ്റ് ഫീസിന്റെ ഇരട്ടി തുകയായ 25000രൂപയാണ് (2x(10000+2500)) ഫീസായി ഈടാക്കേണ്ടിയിരുന്നത്.

ക്രമവത്ക്കരണ ഫീസ് ഈടാക്കിയതിലെ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(24/20.10.23), കുറവ് വന്ന തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുറവ് വന്ന തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 അനധികൃത കൂട്ടിച്ചേർക്കൽ വരുത്തിയത് ക്രമവത്ക്കരിച്ചില്ല, പ്ലോട്ടിൽ പുതിയ കെട്ടിടത്തിന് പെർമിറ്റ് അനുവദിച്ചു

കൊടുമൺ വില്ലേജിൽ ബ്ലോക്ക് നമ്പർ 22-ൽ സർവ്വേ നം.144/6, 144/7എന്നിവയിലുള്ള 2140ച.മീ. പ്ലോട്ടിൽ 639.94ച.മീ. വിസ്തീർണ്ണമുള്ള അസ്സംബ്ലി കെട്ടിടം(പ്രയർ ഹാൾ) നിർമ്മിക്കുന്നതിന് പാസ്റ്റർ എം. ജോസുകുട്ടി, ദി പെന്തക്കോസ്തൽ മിഷൻ എന്നയാൾക്ക് 19.12.2022-ൽ C3-BA(401464)/2022 നമ്പരായി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. പ്ലോട്ടിൽ 472.09ച.മീ. വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള ഒരു കെട്ടിടം(16/320) നിലവിലുള്ളതായി ബിൽഡിംഗ് പ്ലാനിലും സാങ്കേതിക വിഭാഗം ഓവർസിയറുടെ പരിശോധനാ റിപ്പോർട്ടിലും കാണിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയയിലെ

അസ്സസ്സ്മെന്റ് രജിസ്റ്ററിൽ ടി കെട്ടിടം 348ച.മീ. മാത്രം വിസ്തീർണ്ണമുള്ളതുമാണ്. പ്രസ്തുത കെട്ടിടത്തിൽ 124.09 ച.മീ. അനധികൃതമായി കൂട്ടിച്ചേർക്കൽ നടത്തിയിട്ടുണ്ടെന്ന് ഇതിൽ നിന്നും വ്യക്തമാണ്. പ്രസ്തുത നിർമ്മാണം ക്രമവത്ക്കരിക്കാതെയാണ് പുതിയ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്.

പ്ലോട്ടിൽ നിലവിലുണ്ടായിരുന്ന കെട്ടിടത്തിലെ അനധികൃത കൂട്ടിച്ചേർക്കലുകൾ ക്രമവത്ക്കരിക്കാതെ പുതിയ പെർമിറ്റ് അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (25/20.10.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത നിർമ്മാണങ്ങൾ അടിയന്തിരമായി ക്രമവത്ക്കരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കാൻ നടപടി സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18 റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു

കെട്ടിടത്തിലേക്ക് പ്രവേശിക്കുന്ന റോഡിന്റെ വീതി തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചത് മൂലം കെട്ടിട ഉടമകൾക്ക് വസ്തുനികുതിയിൽ അനർഹമായ ഇളവ് ലഭിച്ചിട്ടുണ്ട്. '5 മീറ്ററോ അതിൽ കൂടുതലോ, വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതായിരുന്നു. എന്നാൽ റോഡിന്റെ തരം '1.5 മീറ്ററിൽ കൂടുതൽ' എന്ന് രേഖപ്പെടുത്തി അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ടതായ വർദ്ധനവ് ഒഴിവാക്കി നികുതി നിർണ്ണയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ വിവരങ്ങൾ | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ.) | അടിസ്ഥാന വസ്തു നികുതി (രൂപ) | പെർമിറ്റ്, കംപ്ലീഷൻ പ്ലാൻ എന്നിവ പ്രകാരമുള്ള വഴി സൗകര്യം | വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തുനികുതിയിൽ ഇളവ് /വർദ്ധനവ് | യഥാർത്ഥത്തിൽ വരുത്തേണ്ടിയിരുന്ന ഇളവ്/ വർദ്ധനവ് |
|---|---|---|---|---|---|---|
| ശ്രീ ആർ. അശോക്, ലക്ഷ്മി വിലാസം, അങ്ങാടിക്കൽ നോർത്ത് | 3/168A<br>3/168B<br>3/168C | 14.69<br>32.05<br>12.284 | 587.60<br>1282<br>614.20 | 5മീ., അങ്ങാടിക്കൽ വടക്ക് വായനശാല ജംഗ്ഷൻ-വള്ളിക്കോട് റോഡ് | ഇളവും വർദ്ധനവും ഇല്ല (1.5 മീറ്ററിൽ കൂടുതൽ വഴി സൗകര്യം) | 20% വർദ്ധനവ് (5 മീറ്ററോ അതിൽ കൂടുതലോ വഴി സൗകര്യം) |
| ശ്രീ വർഗ്ഗീസ് വർക്കി, ശ്രീമതി സുജ വർഗ്ഗീസ് | 3/408B<br>3/408C<br>3/408D | 27.09<br>25.606<br>25.219 | 1083.60<br>1024.24<br>1008.76 | 9മീ., ചന്ദനപ്പള്ളി-വള്ളിക്കോട് (കൊച്ചാലുംമൂട്) റോഡ് | ഇളവും വർദ്ധനവും ഇല്ല (1.5 മീറ്ററിൽ കൂടുതൽ വഴി സൗകര്യം) | 20% വർദ്ധനവ് (5മീറ്ററോ അതിൽ കൂടുതലോ വഴി സൗകര്യം) |
| ശ്രീ കൃഷ്ണൻകുട്ടി നായർ, പരുമല | 3/561A | 65.49 | 1964.70 | 5 മീ., കോമാട്ട്മുക്ക്-ആറ്റുവാശ്ശേരി റോഡ് | ഇളവും വർദ്ധനവും ഇല്ല (1.5 മീറ്ററിൽ കൂടുതൽ വഴി സൗകര്യം) | 20% വർദ്ധനവ് (5മീറ്ററോ അതിൽ കൂടുതലോ വഴി സൗകര്യം) |

ഇത്തരത്തിൽ അനർഹമായ ഇളവ് അനുവദിച്ച് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (12/19.10.23), വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടി. കെട്ടിടങ്ങളുടെ നികുതി നിർണയിച്ചതിലെ അപാകതകൾ പരിഹരിച്ച് നികുതി പുനർനിർണ്ണയിക്കേണ്ടതും നടപ്പ് സാമ്പത്തിക വർഷത്തെ നികുതിയോടൊപ്പം കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-19 വാണിജ്യ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു

കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011, ചട്ടം 3(4) പ്രകാരം,

ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രം അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടഭാഗത്തിനും വസ്തു നികുതി ചുമത്തേണ്ടതുമാണ്. എന്നാൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ ഭാഗങ്ങളായി തിരിച്ച് 100 ച.മീ. -ൽ താഴെ വിസ്തീർണ്ണമുള്ളതാക്കി വസ്തു നികുതി നിർണയിച്ചതുമൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. വാണിജ്യ കെട്ടിടത്തിന്റെ ഭാഗങ്ങൾക്ക് പല നമ്പറുകൾ അനുവദിക്കേണ്ടി വരുന്ന സാഹചര്യത്തിൽ ഓരോ കെട്ടിടഭാഗത്തിനും മുഴുവൻ കെട്ടിടത്തിനും ബാധകമായ നികുതി നിരക്കാണ് സഞ്ചയയിൽ തെരഞ്ഞെടുക്കേണ്ടത്. ആയതിന് പകരം കെട്ടിടഭാഗത്തിന്റെ വിസ്തീർണ്ണത്തിനനുസരിച്ചുള്ള നിരക്കുകളാണ് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അടിസ്ഥാന വസ്തുനികുതി - വാണിജ്യാവശ്യത്തിനുള്ളവ

100 ച.മീ. വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ - 40

100 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ- 50

| ഉടമസ്ഥന്റെ വിവരങ്ങൾ | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | കെട്ടിട നികുതി ഈടാക്കിയത് (40/m2 നിരക്കിൽ) | കെട്ടിട നികുതി ഈടാക്കേണ്ടിയിരുന്നത് 50/m2 നിരക്കിൽ ) |
|---|---|---|---|---|
| ശ്രീ ജോസ് പി.ജെ., പൂവണ്ണംവിളയിൽ, ചന്ദനപ്പള്ളി | 1/740 | 33.22 | 1675 | 2093 |
| | 1/741 | 33.22 | 1675 | 2093 |
| | 1/742 | 33.22 | 1675 | 2093 |
| | 1/743 | 33.22 | 1675 | 2093 |
| ആകെ | | 132.88 | 6700 | 8372 |

വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/21.10.23) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ടി. കെട്ടിടങ്ങളുടെ നികുതി നിർണയിച്ചതിലെ അപാകതകൾ പരിഹരിച്ച് നികുതി പുനർനിർണ്ണയിക്കേണ്ടതും നടപ്പു സാമ്പത്തിക വർഷത്തെ നികുതിയോടൊപ്പം കുടിശ്ശിക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്

## 1-20 അധിക വിസ്തീർണ്ണം ക്രമവത്ക്കരിക്കാതെ ഒക്യൂപ്പൻസി അനുവദിച്ചു

കൊടുമൺ വില്ലേജിൽ ബ്ലോക്ക് നം.22-ൽ സർവ്വേ നം. 303/1-ലുള്ള 283ച.മീ പ്ലോട്ടിൽ 131.90ച.മീ. വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ശ്രീ. സുരേഷ് എസ്.വി., സുരേഷ് ഭവനം, ഐക്കാട് എന്ന വ്യക്തിയ്ക്ക് 07.06.2018-ൽ C3-BA(236741)/2018 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി കംപ്ലീഷൻ പ്ലാൻ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 30.05.2022-ൽ 568A, 568B, 568C, 568D എന്നീ കെട്ടിട നമ്പറുകളും അനുവദിച്ചിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം 210.62ച.മീറ്ററാണ്. പെർമിറ്റിൽ അധികരിച്ച് 78.72ച.മീ. നിർമ്മിച്ചിട്ടുണ്ട്. ആയത് ക്രമവത്ക്കരിക്കാതെയാണ് ഒക്യുപ്പൻസി അനുവദിച്ച് കെട്ടിട നമ്പർ നൽകിയിട്ടുള്ളത്. പെർമിറ്റ്, കംപ്ലീഷൻ പ്ലാൻ എന്നിവ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നില | പെർമിറ്റ് പ്രകാരം | | കംപ്ലീഷൻ പ്ലാൻ പ്രകാരം | |
|---|---|---|---|---|
| | വിസ്തീർണ്ണം | വിനിയോഗ ഗണം | വിസ്തീർണ്ണം | വിനിയോഗ ഗണം |
| സെല്ലാർ | - | - | 96.81 | ഓപ്പൺ |
| തറനിരപ്പ് നില | 114.66 | വാണിജ്യാവശ്യം | 96.81 | വാണിജ്യാവശ്യം |
| ഒന്നാം നില (സ്റ്റെയർ കാബിൻ) | 17.24 | വാണിജ്യാവശ്യം | 17 | വാണിജ്യാവശ്യം |
| ആകെ | 131.9 | | 210.62 | |

പെർമിറ്റിൽ അധികരിച്ച് നിർമ്മിച്ച കെട്ടിടഭാഗം ക്രമവത്ക്കരിക്കാതെ ഒക്യുപ്പൻസി അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(14/19.10.23), പെർമിറ്റിൽ അധികരിച്ച് നിർമ്മിച്ച വിസ്തീർണ്ണം ക്രമവത്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകതകൾ അടിയന്തിരമായി പരിഹരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-21 HUDCO യിൽ നിന്നും എടുത്ത വായ്പ തിരിച്ചടവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ലൈഫ് മിഷൻ പദ്ധതിയുടെ ആദ്യ ഘട്ടത്തിനായി 2018-19 മുതൽ 2019-20 വരെ ഗ്രാമപഞ്ചായത്ത് എടുത്ത വായ്പ 64 ലക്ഷം രൂപ ആണ്. G.O(Ms) No.68/2018/lsgd; 18.05.2018 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ എടുത്ത വായ്പയുടെ പ്രിൻസിപ്പൽ തുക പദ്ധതി വിഹിതത്തിൽ നിന്നും റിക്കവറി നടത്തി ഹഡ്കോയ്ക്ക് നൽകുന്നതാണ് എന്ന് ഉത്തരവായിട്ടുണ്ട്. അപ്രകാരം 2019-20 മുതൽ 2022-23 വരെ സോഴ്സ് റിക്കവറി നടത്തിയ തുക 62.86 ലക്ഷം രൂപയാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ ₹21,52,348 രൂപ വായ്പ കുടിശ്ശികയായി കാണിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് എടുത്ത വായ്പയുടേയും തിരിച്ചടവിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| എടുത്ത വായ്പ | | | മുതൽ തിരിച്ചടച്ചത് (സോഴ്സ് റിക്കവറി) | | |
|---|---|---|---|---|---|
| വർഷം | ഇനം | തുക (₹) | വർഷം | ഇനം | തുക (₹) |
| 2018-19 | ആദ്യ ഗഡു | 2444069 | 2019-20 | വികസന ഫണ്ട്- ജനറൽ | 294118 |
| | രണ്ടാം ഗഡു | 1920000 | | വികസന ഫണ്ട്- ജനറൽ | 294118 |
| 2019-20 | മൂന്നാം ഗഡു | 1280000 | | വികസന ഫണ്ട്- SCSP | 102941 |
| | നാലാം ഗഡു | 60000 | 2020-21 | വികസന ഫണ്ട്- ജനറൽ | 307216 |
| | അഞ്ചാം ഗഡു | 480000 | | വികസന ഫണ്ട്- ജനറൽ | 307216 |
| | ആറാം ഗഡു | 215931 | | വികസന ഫണ്ട്- SCSP | 468785 |
| | | | 2021-22 | വികസന ഫണ്ട്- ജനറൽ | 791247 |
| | | | | വികസന ഫണ്ട്- SCSP | 763419 |
| | | | 2022-23 | വികസന ഫണ്ട്- ജനറൽ | 421031 |
| | | | | വികസന ഫണ്ട്- ജനറൽ | 421032 |
| | | | | വികസന ഫണ്ട്- SCSP | 1057701 |
| | | | | വികസന ഫണ്ട്- SCSP | 1057701 |
| | ആകെ | 64,00,000 | | ആകെ | 62,86,525 |

വായ്പാകുടിശ്ശികയായി 1,13,475 രൂപ മാത്രം നിലനിൽക്കെ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ 21.52 ലക്ഷം രൂപ കുടിശ്ശികയായി കാണിച്ചിട്ടുള്ളതിനു വിശദീകരണം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/19-10-2023) മറുപടിയായി അപാകതകൾ പരിഹരിക്കുമെന്ന് സെക്രട്ടറി ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്.

## 1-22 SSK പദ്ധതിയിൽ വിഹിതം നൽകിയതിന് തുടർനിരീക്ഷണമില്ല,

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ (സ.ഉ(കൈ.)84/22/തസ്വഭവ തീയതി 19.04.2022) ഖണ്ഡിക 8.6(3) പ്രകാരം സമഗ്ര ശിക്ഷ കേരളം പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെ ആയിരിക്കണം. എന്നാൽ, പ്രോജക്ടിന്റെ ആസൂത്രണത്തിലോ മോണിട്ടറിംഗിലോ പഞ്ചായത്തിന്റെ കാര്യമായ ഇടപെടലുണ്ടായിട്ടില്ല. ഓരോ സ്കൂളുകളിലും എസ്.എസ്.കെ പ്രോജക്ട് പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രോജക്ട് ഓഫീസർ ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതാണ്. എന്നാൽ ഏത് സ്കൂളുകളിൽ എന്ത് പ്രവർത്തനം നടത്തി എന്നത് വിശദമാക്കിയിട്ടില്ല. തൻ വർഷം രണ്ടു പദ്ധതികളിലായി 6 ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകിയിട്ടുണ്ട്.

| പ്രൊജക്ട് നമ്പർ /പേര് | 34/2022-23, SSK വിഹിതം അടവാക്കൽ | 32/2022-23, SSK വിഹിതം അടവാക്കൽ |
|---|---|---|
| ഫണ്ട് വകയിരുത്തിയത് | വികസന ഫണ്ട് SCP - 250000 | വികസന ഫണ്ട് (ജനറൽ) - 98000<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 252000 |
| ഫണ്ട് ചെലവഴിച്ചത് | 250000 (ബിൽ നം.96/02.12.2022) | 98000 (ബിൽ നം.96/02.12.2022)<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 252000 |

| | | |
|---|---|---|
| ആകെ | 250000 | 350000 |

ഓരോ വർഷവും എസ് എസ് കെ വിഹിതവും തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വിഹിതവും ചേർന്ന് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ ഉണ്ടാകണമെന്ന് മാർഗ്ഗരേഖ 8.6(4)ൽ പ്രതിപാദിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതാണ്.

## 1-23 വിവിധ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല.

2022-23 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിന KSEB യിൽ 44,67,428 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ വാർഡ് -5 ൽ ₹3,14,990 രൂപയുടെ 2770 M സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ നടത്തിയതിന് KSEB കലഞ്ഞൂർ സെക്ഷനിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിരുന്നു. അവശേഷിക്കുന്ന 4152438 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ഓഡിറ്റിന ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.29/20.10.2023) ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയിട്ടില്ല. തൻ വർഷം ഡിപ്പോസിറ്റ് ചെയ്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നമ്പർ /പേര് | 199/2022-23, SC കോളനിയിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ |
|---|---|---|
| 1 | ഫണ്ട് വകയിരുത്തിയത് | വികസന ഫണ്ട് (SCP) - 239780 |
| | ഫണ്ട് ചെലവഴിച്ചത് | 239780 (ബിൽ നം. 304/17.03.2023) |
| | സ്ഥാപനം | KSEB സെക്ഷൻ ,കൈപ്പട്ടൂർ |
| 2 | പ്രൊജക്റ്റ് നമ്പർ /പേര് | 128/2022-23, പട്ടികജാതി കോളനികളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനും പോസ്റ്റ് മാറ്റി വയ്ക്കലും |
| | ഫണ്ട് വകയിരുത്തിയത് | വികസന ഫണ്ട് (SCP) - 421440 |
| | ഫണ്ട് ചെലവഴിച്ചത് | 280990 (ബിൽ നം. 305/17.03.2023) |
| | സ്ഥാപനം | KSEB സെക്ഷൻ, കൈപ്പട്ടൂർ |
| 3 | പ്രൊജക്റ്റ് നമ്പർ /പേര് | 12/2022-23, വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ |
| | ഫണ്ട് വകയിരുത്തിയത് | വികസന ഫണ്ട് (ജനറൽ) - 836903<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 3124000 |
| | ഫണ്ട് ചെലവഴിച്ചത് | വികസന ഫണ്ട് (ജനറൽ) - 823015 (ബിൽ നം. 360/28.03.2023)<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 3123643 |
| | സ്ഥാപനം | KSEB സെക്ഷൻ, ഏഴംകുളം |

ക്രമ നം 1,2 എന്നീ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ക്രമ നം-3 പ്രകാരം ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I) വികസന ഫണ്ട് വിഹിതമായ 823015 രൂപ വാർഡ് 10 ൽ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന വേണ്ടി KSEB സെക്ഷൻ , ഏഴംകുളം എന്ന സ്ഥാപനത്തിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

Ii) ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 314990 – വാർഡ് -5 ൽ 2770 M സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ നടത്തിയിന വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിരുന്നു. KSEB കലഞ്ഞൂർ സെക്ഷൻ.

Iii) ധനകാര്യ കമ്മീഷൻ ഗ്രാന്റ് -857412 വാർഡ് -11 ൽ ലൈൻ എക്സ്റ്റൻഷൻ നടത്തിയിന വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. KSEB ഏഴംകുളം സെക്ഷൻ

Iv) ധനകാര്യ കമ്മീഷൻ ഗ്രാന്റ് -588285 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ നടത്തിയിന വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

KSEB ഏഴംകുളം സെക്ഷൻ - 184717 വാർഡ് 13

KSEB പന്തളം തെക്കേക്കര സെക്ഷൻ - 76700 ,വാർഡ് 16

KSEB കലഞ്ഞൂർ സെക്ഷൻ - 326868 - വാർഡ് 5

V) ധനകാര്യ കമ്മീഷൻ ഗ്രാന്റ് -1362964 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ നടത്തിയിനു വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

KSEB ഏഴംകുളം സെക്ഷൻ - 86034 വാർഡ് 15,18

KSEB പന്തളം തെക്കേക്കര സെക്ഷൻ - 486750 ,മുല്ലോട്ട് ഡാം പ്രദേശം

KSEB കലഞ്ഞൂർ സെക്ഷൻ - 790180 - വാർഡ് 6

പതിന്നാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ (സ.ഉ (കൈ) നം. 84/2022/Lsgd; ) ഖണ്ഡിക 12.2.5 (D) പ്രകാരം തദ്ദേശ ഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ട ശേഷം മാത്രമെ തുക മുൻകൂർ നൽകാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 44.67 ലക്ഷം രൂപ മുൻകൂർ നൽകിയിട്ടും ഒരു കരാർ പോലും ഒരു പദ്ധതിയിലും തയ്യാറാക്കിയിട്ടില്ല. ഇത്തരം വീഴ്ചകൾ ഒഴിവാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ് . മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 പഞ്ചായത്തിനു വാഹനം വാങ്ങിയതിന്റെ IGST അടവാക്കിയിട്ടില്ല.

പഞ്ചായത്ത് ഓഫീസിന്റെ പഴയ വാഹനം കാലപ്പഴക്കം മൂലം ഉപയോഗശൂന്യമായതിനാൽ പുതിയ വാഹനം വാങ്ങുന്നതിനു 02.02.2023 ലെ ഭരണസമിതി തീരുമാനം എടുക്കുകയും GeM മുഖേന മഹീന്ദ്ര കമ്പനിയിൽ നിന്നും ബൊലേറോ എന്ന വാഹനം വാങ്ങുകയും ചെയ്തിട്ടുണ്ട്. കമ്പനിയുടെ ഇൻവോയിസ് പ്രകാരം ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പെടെ കമ്പനിയിൽ അടയ്ക്കേണ്ട തുക 932548 രൂപയാണ്. 14458 രൂപ IGST ആയും അടയ്ക്കാൻ നിർദ്ദേശിച്ചിരുന്നു. (GSTN No.27AAACM3025E1ZZ, CHAKAN FACTORY, MAHARASHTRA). എന്നാൽ ഈ തുക CGST-7229, SGST-7229 ആയാണ് ഗ്രാമപഞ്ചായത്ത് RBI അക്കൗണ്ടിൽ അടവാക്കിയത്. തെറ്റായി അടവാക്കിയ തുക തിരികെ ലഭിക്കുന്നതിനായി A1-1/2023; 26.09.2023 കത്ത് മുഖേന GST വകുപ്പിനെ അറിയിച്ചിരുന്നെങ്കിലും തുക ലഭിച്ചിട്ടില്ല. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ /പേര് | 70/2022-23, പഞ്ചായത്ത് ഓഫീസിലേക്ക് വാഹനം വാങ്ങൽ |
| ഫണ്ട് വകയിരുത്തിയത് | തനതു ഫണ്ട് - 1300000 |
| ഫണ്ട് ചെലവഴിച്ചത് | 947006 (30.03.2023, A/C No.8894) |
| സ്ഥാപനം | മഹീന്ദ്ര & മഹീന്ദ്ര |

വാഹനം പർച്ചേസ് ചെയ്ത മാസമായ മാർച്ച് മാസം കഴിഞ്ഞ് ഏപ്രിൽ 10 നകം IGST അടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം 10-04-2023 മുതൽ 100 രൂപ പ്രതിദിന പിഴ അടയ്ക്കേണ്ടി വരുമെന്ന് മഹീന്ദ്ര കമ്പനിയുടെ കത്തിൽ അറയിച്ചിരുന്നു. ഈ തുക അടവാക്കിയിട്ടുണ്ടോ എന്നത് അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.28/29.10.2023) ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയിട്ടില്ല.

നിലവിലുണ്ടായിരുന്ന പഴയ വാഹനം (KL-26-8685) ധനകാര്യ വകുപ്പിന്റെ 31.01.2023 തീയതിയിലെ G.O(P)നം.11/2023 ലെ ഉത്തരവിനു വിധേയമായി സ്ക്രാപ്പ് ചെയ്ത് ലേലം ചെയ്തിട്ടുണ്ടോ എന്നതിനും മറുപടി നൽകിയിട്ടില്ല. തെറ്റായി അടച്ച SGST,CGST തുക തിരികെ ഈടാക്കേണ്ടതും IGST തുക കൃത്യമായി അടയ്ക്കാനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-25 ആയുർവ്വേദാശുപത്രി കെട്ടിടം ശോചനീയാവസ്ഥയിൽ

ജില്ലയിൽ കിടത്തി ചികിത്സാസൗകര്യം ഉള്ള ചുരുക്കം ആയുർവ്വേദ ആശുപത്രികളിൽ ഒന്നാണ് അങ്ങാടിക്കൽ ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും നിലവിലുള്ള കെട്ടിടങ്ങളുടെ ജീർണ്ണാവസ്ഥയും ആശുപത്രിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. 50 വർഷത്തോളം പഴക്കമുള്ള കെട്ടിടത്തിലാണ് ഒ.പി. വിഭാഗവും ഫിസിയോതെറാപ്പി വിഭാഗവും പ്രവർത്തിക്കുന്നത്. ഒ.പി. പരിശോധനാമുറിയുടെ മുകൾഭാഗത്തെ കോൺക്രീറ്റ് സീലിംഗ് പ്ലാസ്റ്ററിംഗ് ഇളകി വീഴുന്നുണ്ട്. കോൺക്രീറ്റ് മേൽക്കൂര ചോർന്ന് ഒലിച്ച് ഭിത്തികൾക്ക് ബലക്ഷയം ഉണ്ടായിട്ടുണ്ട്. ഈർപ്പം ഉള്ള ഭിത്തികളിലെ സ്വിച്ച് ബോർഡിൽ നിന്നും ഇലക്ട്രിക് ഷോക്ക് ഉണ്ടാകാനുള്ള സാധ്യതയും ഉണ്ട്. ഈ കെട്ടിടം അൺഫിറ്റാണ് എന്ന് ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ

സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമാണ്.



(ഓ.പി. കൺസൽട്ടേഷൻ മുറിയുടെസീലിംഗ്)

ചോർച്ച ഉള്ളതിനാൽ കെട്ടിടത്തിന്റെ പല ഭാഗങ്ങളിലും തറ നനഞ്ഞ് കിടക്കുകയാണ്. മേൽക്കൂരയിൽ നിന്നും ചോരുന്ന വെള്ളം തറയിൽ വീഴാതിരിക്കുന്നതിനായി വച്ചിരിക്കുന്ന ബക്കറ്റുകളിൽ വെള്ളം വീണുകൊണ്ടിരിക്കുന്നത് ഓഡിറ്റ് 21.10.2023-ൽ നടത്തിയ പരിശോധനയിൽ നേരിട്ട് ബോധ്യപ്പെട്ടിട്ടുള്ളതാണ്.



(മഴവെള്ളം തറയിൽ വീഴാതിരിക്കാൻ ബക്കറ്റ് വച്ചിരിക്കുന്നു)

ഈ കെട്ടിടത്തിന്റെ പുറകുവശത്തെ പ്രധാനവാതിൽ ജീർണ്ണിച്ച അവസ്ഥയിലാണ്. കീഴ്ഭാഗം ദ്രവിച്ചിരിക്കുന്നു. ഇതിലൂടെ ഇഴജന്തുക്കൾ കെട്ടിടത്തിനകത്ത് കയറാനിടയുണ്ട്. പല ഭാഗത്തെയും ജനലുകളുടെ കണ്ണാടിച്ചില്ലുകൾ പൊട്ടിയും ജനൽ പാളികൾ ഇളകിയും കിടക്കുകയാണ്.



സ്ത്രീകളുടെ കിടത്തി ചികിത്സാവിഭാഗം പ്രവർത്തിക്കുന്ന കെട്ടിടവും ശോചനീയാവസ്ഥയിലാണ്. ഭിത്തികളിൽ ചോർച്ച മൂലം ബലക്ഷയം ഉണ്ടായിട്ടുണ്ട്. നേഴ്സിംഗ് ജീവനക്കാരുടെ മുറിയിലാണ് ആ കെട്ടിടത്തിലെ വൈദ്യുതകണക്ഷൻ

മീറ്ററും മെയിൻ സ്വിച്ചും സ്ഥാപിച്ചിട്ടുള്ളത്. മെയിൻ സ്വിച്ച് സ്ഥാപിച്ചിട്ടുള്ള ബോർഡ് ഇളകി വീഴുന്ന നിലയിലാണ്. ഭിത്തിയും ഈർപ്പം ബാധിച്ച അവസ്ഥയിലാണ്. കൂടെക്കൂടെ ഇവിടെ ഇലക്ട്രിക്ക് സ്പാർക്കിംഗ് ഉണ്ടാകുന്നുണ്ടെന്ന് ജീവനക്കാർ അറിയിച്ചു. ആയത് പുറത്തേക്ക് മാറ്റി സ്ഥാപിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ഇടിമിന്നൽ സമയത്ത് വലിയ അപകടസാധ്യത ഉണ്ട്.



(നേഴ്സിംഗ് ജീവനക്കാരുടെ മുറിയിലെ ഇലക്ട്രിസിറ്റി മീറ്റർ)

കിടത്തി ചികിത്സ ഉള്ള ആശുപത്രിയിൽ ഒരു ജനറേറ്റർ ഇല്ല. രാത്രികാലങ്ങളിൽ വൈദ്യുതി നിലച്ചാൽ രോഗികൾക്കും ജീവനക്കാർക്കും വളരെ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. പ്രായമുള്ള രോഗികളാണ് കൂടുതൽ എന്നതും പരിഗണിക്കേണ്ടതാണ്. കൂടാതെ ഭൂരിഭാഗം ഫിസിയോതെറാപ്പി ഉപകരണങ്ങളും വൈദ്യുതിയിൽ പ്രവർത്തിക്കുന്നവയാണ്. ഫിസിയോതെറാപ്പി ചെയ്യുന്ന സമയം വൈദ്യുതി നിലക്കുന്നത് കാരണം രോഗികൾക്ക് വളരെയേറേ ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ടെന്ന് ജീവനക്കാർ ഓഡിറ്റിനെ അറിയിച്ചു. പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആരോഗ്യവകുപ്പ് പ്രോപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചു.

പഞ്ചായത്തിലെ ഒരു പ്രധാന ആരോഗ്യസ്ഥാപനം എന്ന നിലയിൽ ഫിറ്റ്നെസ്സ് ഇല്ലാത്ത കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനും ജനറേറ്റർ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 സർക്കാർ നിർദ്ദേശ പ്രകാരമുള്ള വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കാനും ദുരന്ത സാധ്യതയും അതിന്റെ കാഠിന്യവും മനസ്സിലാക്കാനും താപനില, മഴയുടെ അളവ്, കാറ്റിന്റെ ഗതി, തുടങ്ങിയവയുടെ വിവര ശേഖരണവും അതിന്റെ അപഗ്രഥനവും നടത്തണം. അതിനായി ഓരോ പ്രദേശത്തിന്റെയും ദിനാന്തരീക്ഷ സ്ഥിതി മനസ്സിലാക്കുന്നതിനുള്ള വെതർസ്റ്റേഷൻ ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഒരെണ്ണമെങ്കിലും സ്ഥാപിക്കണം എന്ന് 28/05/22 ലെ സ.ഉ.കൈ. 115/22/ത സ്വ ഭ വ(7.8.8) നിർദേശിക്കുന്നു. അതിനായി ഇപ്പോൾ ദുരന്ത നിവാരണ അതോറിറ്റി നിർദേശിക്കുന്ന 10x12 മീറ്റർ തുറസ്സായ സ്ഥലം ലഭ്യമാക്കിയാൽ വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതികവിദ്യയും ഫണ്ടും റീ ബിൽഡ് കേരള ഇനിഷ്യറ്റീവ് മുഖാന്തിരം ലഭ്യമാക്കുന്നതാണ്. അനുയോജ്യമായ സ്ഥലം കണ്ടെത്തി ഭൂമിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി ദുരന്ത നിവാരണ ഏജൻസിയെ അറിയിച്ച് സർക്കാർ നിർദ്ദേശ പ്രകാരമുള്ള വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 കരാർ ലംഘനം നടത്തിയ കരാറുകാരനെതിരെ നടപടി സ്വീകരിച്ചില്ല .

2020 - 21 ലെ വാർഷിക പദ്ധതിയിൽ 400000 /- മെയിന്റനൻസ് ഫണ്ട് വകയിരുത്തി ഏകവർഷ പ്രോജക്ടായി (125/21) നടപ്പിലാക്കാൻ തീരുമാനിച്ച കൊന്നയിൽ പടി - വളത്തുകാട് റോഡ് റീ ടാറിംഗ് പ്രവൃത്തിക്ക് 22-9-2020 ൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കി 8-10-2020 ലെ 1(2) കമ്മിറ്റി തീരുമാന പ്രകാരം എസ്റ്റിമേറ്റ് നിരക്കിൽ രാജേഷ് .കെ എന്ന കരാറുകാരൻെറ ടെണ്ടർ അംഗീകരിച്ചിരുന്നു. 12-10-2020 ലെ സെലക്ഷൻ നോട്ടീസ്(നോട്ടീസ് നം : 125/ AE / LSGD / KDN / 20 - 21 ) കൈപ്പറ്റി കരാർ ചമച്ച ടി കരാറുകാരൻ പ്രവൃത്തി നടത്തുന്നതിനുള്ള സ്ഥലം ഏറ്റെടുത്ത് പ്രവൃത്തി ആരംഭിച്ചില്ല. 2020-21 ൽ നിർവ്വഹിക്കാതിരുന്ന പദ്ധതി 2021-22 ൽ സ്പിൽ ഓവർ(131/22) ആക്കി നിലനിർത്തിയെങ്കിലും

ടി വർഷവും പദ്ധതി നടപ്പിലാക്കിയില്ല . തുടർന്ന് 22-23ൽ ഈ പ്രവൃത്തിയുടെ അടങ്കൽ തുക 5,75000 രൂപയായി ഉയർത്തി (പ്രോജക്ട് നം.44/22) 530064 രൂപയ്ക്ക് രഘുനാഥൻ നായർ എന്ന കരാറുകാരന് കരാർ ഏൽപ്പിച്ച് നൽകിയിട്ടുണ്ട്. കരാർ ലംഘനം നടന്നെന്ന് വ്യക്തമായിട്ടും നിയമപരമായ നടപടികൾ സ്വീകരിക്കാതിരുന്നത് ഗുരുതരമായ വീഴ്ചയാണ്. റീടാറിംഗ് സമയബന്ധിതമായി ചെയ്തിരുന്നുവെങ്കിൽ 4,00,000 രൂപയ്ക്ക് 2020-21ൽ തന്നെ പൂർത്തിയാക്കാൻ കഴിയുമായിരുന്നു. രണ്ട് വർഷത്തിൽ അധികം പ്രവൃത്തി നടപ്പാക്കാതിരുന്നതുമൂലം 2020-21 ലെ എസ്റ്റിമേറ്റിൽ നിന്നും കൂടുതൽ ഇനങ്ങൾ 2022-23 ലെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടതായി വന്നിട്ടുമുണ്ട്.
കരാർ ലംഘനം നടത്തിയ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ മറ്റൊരു കരാറുകാരനെ കൊണ്ട് പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടികൾ 2020-21 ; 2021-22 വർഷങ്ങളിൽ കമ്മിറ്റി സ്വീകരിച്ചിട്ടില്ല . കരാർ ലംഘനത്തിലൂടെ പഞ്ചായത്തിന് നഷ്ടം വരുത്തിയ കരാറുകാരനെ ബ്ളാക്ക് ലിസ്റ്റ് ചെയ്ത് ലൈസൻസ് റദ്ദാക്കാനുള്ള നിയമപരമായ നടപടികളും കമ്മിറ്റി സ്വീകരിച്ചിട്ടില്ല .
കരാർ ലംഘനത്തിലൂടെ പഞ്ചായത്തിന് നഷ്ടം വരുത്തിയ കരാറുകാരനെ. ബ്ളാക്ക് ലിസ്റ്റ് ചെയ്ത് ലൈസൻസ് റദ്ദാക്കാനുള്ള നിയമപരമായ നടപടികൾ കമ്മിറ്റി സ്വീകരിക്കുകയും കരാറുകാരൻ ഒടുക്കിയിട്ടുള്ള ജാമ്യ നിക്ഷേപ തുക കണ്ടുകെട്ടേണ്ടതുമാണ് . തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-28 കാലാവസ്ഥാ വ്യതിയാനം -പ്രാദേശിക കർമ്മ പദ്ധതി ആവിഷ്കരിക്കേണ്ടതാണ്

19-04-22 ലെ സ ഉ(കൈ)നം 84/2022/ ത സ്വ ഭ വ പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖ 7.3 പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും കാലാവസ്ഥ വ്യതിയാനത്തിന്റെ ദൂഷ്യവശങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ് (7.3.1). ഇതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭൂപ്രകൃതി, ജന പ്രകൃതി, സമ്പദ് വ്യവസ്ഥ എന്നിവ സംബന്ധിച്ച പൊതു വിവരങ്ങളും കഴിഞ്ഞ ദശാബ്ദത്തിൽ പ്രദേശത്ത് അനുഭവപ്പെടുന്ന കാലാവസ്ഥ വ്യതിയാനം മൂലം മനുഷ്യരുടെ ജീവിതത്തിലും, ജീവനോപാധികളിലും ഉണ്ടായിട്ടുള്ള മാറ്റങ്ങളും, ഉല്പാദന മേഖലകളിലും ആരോഗ്യ സേവന മേഖലകളിലും ഉണ്ടായ മാറ്റങ്ങളും, പ്രകൃതി വിഭവങ്ങൾ, ജൈവ വൈവിധ്യങ്ങൾ എന്നിവക്കുണ്ടായ മാറ്റങ്ങളും നിരീക്ഷിക്കേണ്ടതുണ്ട്(7.3.2).
ജല സംരക്ഷണം, ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കൽ, കാർബൺ ബഹിർഗമനം കുറയ്ക്കൽ, ദുരന്ത ലഘൂകരണം, മേൽ സൂചിപ്പിച്ചവ സംബന്ധിച്ച അവബോധം നൽകൽ, മുന്നൊരുക്ക പ്രവർത്തനങ്ങൾ എന്നിവ ഭാഗമാക്കണം (7.3.3). പദ്ധതി സംബന്ധിച്ച പരിശീലനം കില നൽകുന്നതാണ്. 22 -23 വാർഷിക പദ്ധതിയിൽ തുക വകയിരുത്തേണ്ടതാണ് (7.3.4). ഇപ്രകാരമൊരു കരാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.3/11.09.2023) മറുപടിയായി 2022-23 സാമ്പത്തിക വർഷം വിവിധ വാർഡുകളിൽ മണ്ണിടിച്ചിലിൽ ഉള്ള പ്രദേശങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് പ്രോജക്ടിൽ തുക വകയിരുത്തുകയും നടപ്പിലാക്കുകയും ചെയ്തതായി അറിയിച്ചിട്ടുണ്ട്. കിലയുമായി ബന്ധപ്പെട്ട് പ്രാദേശിക കർമ്മ പദ്ധതിയുടെ നടത്തിപ്പിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ്

19 -4 -22 ലെ സ ഉ (കൈ )84 /2022/ത സ്വ ഭ വ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സര പദ്ധതിയിലെ മാർഗരേഖ 6.9 പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനങ്ങളും ഓരോ സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ് (6.9.1). പൊതു ജനങ്ങളുടെ പരാതികളും തർക്കങ്ങളും പരിഹരിക്കുന്നതിനായി മാസത്തിലെ ആദ്യ ബുധനാഴ്ച ഭരണസമിതി അംഗങ്ങളും ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന അദാലത്ത് നടത്തി പരിഹാരം കാണേണ്ടതാണ് (6.9 .2 ). സുതാര്യത, ജനപങ്കാളിത്തം എന്നീ തത്വങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സമ്പൂർണ്ണ ഗുണമേന്മ പരിപാലന സംവിധാനം (TOTAL QUALITY MANAGEMENT) കാലികമായി പരിഷ്കരിക്കേണ്ടതാണ് (6.9.3). സദ്ഭരണ തത്വങ്ങൾക്ക് പുറമെ പൗരാവകാശ രേഖ, അറിയുവാനുള്ള അവകാശം, വാതിൽപ്പടി സേവനം എന്നിവ കൂടി പരിഗണിച്ചുകൊണ്ടായിരിക്കണം സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടത് (6 .9 .6, 6 .9 .7 )എന്ന് മാർഗരേഖ നിർദ്ദേശിക്കുന്നു. മാർഗരേഖ അനുശാസിക്കും പ്രകാരമുള്ള സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ്.

## 1-30 ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങൽ- മാർഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | 134/23 ഫിസിയോതെറാപ്പി ഉപകരണങ്ങൾ വാങ്ങൽ |
| ഫണ്ട്, ചെലവഴിച്ച തുക | റോഡിതര സംരക്ഷണ ഗ്രാന്റ്, 249916/- രൂപ |
| ബിൽ നം, തീയതി | 22050352020401336321/13.03.2023 |
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |

08.10.2011-ലെ സ.ഉ.(പി)നം.259/2010/ത.സ്വ.ഭ.വ നമ്പർ പ്രോക്യൂവർമെന്റ് മാർഗരേഖ പ്രകാരം 1 ലക്ഷം രൂപയിൽ കൂടുതലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ നടപടിക്രമം ആണ് ബാധകമാക്കേണ്ടത്. ആയതിലേക്ക് വ്യാപകപ്രചാരമുള്ള പത്രത്തിൽ പരസ്യം നൽകി വേണമായിരുന്ന വാങ്ങൽ നടത്തേണ്ടിയിരുന്നത്. എന്നാൽ ഇവിടെ ക്വട്ടേഷൻ മുഖേനയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (നം.12/18.10.2023) ലഭ്യമാക്കിയ മറുപടിയിൽ ഒരു ലക്ഷം രൂപയിൽ കുറഞ്ഞ വിലയിലുള്ള പലവിധം ഉപകരണങ്ങളാണ് വാങ്ങിയിട്ടുള്ളത് എന്നതിനാലാണ് ക്വട്ടേഷൻ നടപടിയിലൂടെ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. വാങ്ങൽ നടപടികളിൽ മാർഗരേഖപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 ജീവവർദ്ധിനി ജൈവവളക്കൂട്ട് പദ്ധതി തുടർ പ്രവർത്തനം നിരീക്ഷിക്കേണ്ടതാണ്

പ്രോജക്ട് നം- 74/23- ജീവനുള്ള കൃഷി ജീവവർദ്ധിനി ജൈവവളക്കൂട്ട് എന്ന പ്രോജക്ട് പ്രകാരം സംസ്കൃതി ജൈവവള യൂണിറ്റ് എന്ന സ്ഥാപനത്തിന് 3.75 ലക്ഷം രൂപ സബ്സിഡി നൽകിയിട്ടുണ്ട് (ബിൽ നം 220503520154O1094342/27.01.2023). ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ടി യൂണിറ്റ് പ്രവർത്തിക്കുന്നുണ്ടെന്നും നിലവിൽ ജൈവവളം ഉൽപാദിപ്പിച്ച് വിതരണം നടത്തി വരുന്നുണ്ടെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. കൊടുമൺ വില്ലേജിൽ വട്ടശ്ശേരിൽ വീട്ടിൽ, ശ്രീമതി ജഗദമ്മ എന്ന വ്യക്തിയുടെ പേരിലുള്ള 10/5-1 സർവ്വേ നമ്പരിൽപ്പെട്ട 15 സെന്റ് ഭൂമിയിൽ 5 വർഷത്തേക്ക് ലീസിനെടുത്ത സ്ഥലത്താണ് യൂണിറ്റ് പ്രവർത്തനം നടത്തി വരുന്നത്. തൊഴിലുറപ്പ് പദ്ധതി പ്രകാരം 2023-24 വർഷം 7 ലക്ഷം രൂപ അടങ്കലിൽ ടി സ്ഥലത്ത് ഒരു കെട്ടിടം നിർമ്മിച്ചിട്ടുള്ളതായി ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ കാണാൻ കഴിഞ്ഞു ( ഫൈനൽ ബിൽ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ കൃത്യമായ ചെലവ് വിവരം ലഭ്യമല്ല). സ്ഥലം ഉടമ തൊഴിലുറപ്പ് പദ്ധതി രജിസ്ട്രേഷൻ ഓഫീസറുമായി ചമച്ച കരാറിൽ 02.04.2023 തീയതി മുതൽ 12 വർഷ കാലയളവിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർമ്മിച്ച ടി കെട്ടിടം കൈമാറ്റം ചെയ്യില്ലെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി മുദ്രപത്രത്തിൽ വസ്തു ഉടമ ഒപ്പു വച്ചതായി കാണുന്നില്ല. ഈ യൂണിറ്റിന്റെ തുടർ പ്രവർത്തനം നിരീക്ഷിക്കേണ്ടതും ഈ ആവശ്യത്തിനായി നിർമ്മിച്ച കെട്ടിടം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നില്ല എന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-32 അലോപ്പതി മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) നിർവ്വഹിച്ച 3 പ്രോജക്ടുകളിലായി ആകെ 14.78 ലക്ഷം രൂപയുടെ മരുന്ന് കെ.എം.എസ്.സി.എൽ-ൽ നിന്നും ലഭിക്കാൻ അവശേഷിക്കുന്നു. വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് , ഫണ്ടിനം | കെ.എം.എസ്.സി.എൽ-ൽ അടവാക്കിയ തുക | ലഭിച്ച മരുന്നിന്റെ വില | ലഭിക്കാനുള്ള മരുന്നിന്റെ വില |
|---|---|---|---|
| 3/23-പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ (മെയിന്റനൻസ് ഫണ്ട്(റോഡിതരം) | 1412299 | 538293 | 874006 |
| 20/23- സ്വാന്തന പരിചരണം (വികസനഫണ്ട്-പൊതുവിഭാഗം) | 510893 | 0 | 510893 |
| 69/23-കുട്ടികളുടെ ഡയബെറ്റിക്ക് ക്ലിനിക് (വികസനഫണ്ട്-പൊതുവിഭാഗം) | 97256 | 4074 | 93182 |
| ആകെ | 2020448 | 542367 | 1478081 |

ടി മരുന്നുകൾ ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 ഹോമിയോ മരുന്നു വാങ്ങൽ -മരുന്നു പൂർണ്ണമായും ലഭ്യമായിട്ടില്ല

2022-23 സാമ്പത്തിക വർഷത്തിൽ ഹോമിയോ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ പദ്ധതിയിൽ ( പദ്ധതി നം - 6/23) മെയിന്റനൻസ് ഫണ്ട് റോഡിതരത്തിൽ നിന്നും

അനുവദിച്ച 8,00,000 രൂപ(ബിൽ നം.22050352015500551277/18-09-22) കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാണ്. എന്നാൽ 4,48,467 രൂപയുടെ മരുന്നു ലഭ്യമായിട്ടില്ല. അടിയന്തരമായി മരുന്നു ലഭ്യമാക്കുന്നതിനുള്ള നടപടികൾ നിർവഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയും സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കി വിവരം ആഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-34 അഗതി രഹിത കേരളം പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്

പഞ്ചായത്തിലെ അശരണരും നിരാലംബരുമായ മുഴുവൻ കുടുംബങ്ങളെയും, കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനാണ് അഗതി രഹിത കേരളം പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കൊടുമൺ ഗ്രാമപഞ്ചായത്തിലെ അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു-

| ക്രമ നം. | ഇനം | ഗുണഭോക്താക്കളുടെ എണ്ണം | നാളിതുവരെ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ | ആനുകൂല്യം ലഭിക്കാൻ അവശേഷിക്കുന്നവരുടെ എണ്ണം |
|---|---|---|---|---|
| 1 | ഭക്ഷണം | 100 | 100 | 0 |
| 2 | ഗൃഹനിർമ്മാണം | 13 | 6 | 7 |
| 3 | ഭവന പുനരുദ്ധാരണം | 20 | 9 | 11 |
| 4 | കക്കൂസ് | 15 | 1 | 14 |

2022-23 സാമ്പത്തിക വർഷം ജൂൺ, ആഗസ്റ്റ്, ഡിസംബർ മാസങ്ങളിൽ ഭക്ഷണകിറ്റ് വിതരണം ചെയ്ത വകയിൽ 209401 രൂപയും ഗൃഹനിർമ്മാണത്തിനായി 5 ലക്ഷം രൂപയും പദ്ധതി വിഹിതം ചെലവഴിച്ചു. 31.03.2023 ൽ 2922757 രൂപ പ്ലാൻ ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. വരും വർഷങ്ങളിൽ അഗതി രഹിത കേരളം പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് അവരുടെ ആവശ്യകതയനുസരിച്ച് പ്രോജക്ടുകളിൽ വിഭാവനം ചെയ്തിട്ടുള്ള ആനുകൂല്യങ്ങൾ അനുവദിച്ച് നൽകുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-35 നിർമ്മാണ പ്രവൃത്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷയില്ല

2022 - 23 ൽ കരാർ വച്ച് പ്രവൃത്തി ആരംഭിച്ചിട്ടുള്ള 37 പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയതിന്റെ രേഖകൾ ഉൾപ്പെടുത്തിയിരുന്നില്ല . ലെറ്റർ ഓഫ് അക്സപ്റ്റൻസ് പ്രകാരം കരാർ ചമച്ചു കഴിഞ്ഞാൽ ഇൻഷ്വറൻസ് പ്രീമിയം അടച്ച് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ് . ഇത് ഹാജരാക്കിയില്ലെങ്കിൽ കരാറുകാരിൽ നിന്നും ബിൽ തുകയുടെ 0.2% ഫൈൻ ഈടാക്കേണ്ടതുമാണ് . 2022 - 23 ൽ കരാർ വച്ച് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ള പ്രവൃത്തികൾക്ക് എടുത്തിട്ടുള്ള ഇൻഷ്വറൻസ് സർട്ടിഫിക്കറ്റുകൾ കരാറുകാരിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ബിൽ തുകയുടെ 0.2% ഫൈൻ ഈടാക്കി വിവരം ഓഡിറ്റിൽ രേഖാമൂലം അറിയിക്കേണ്ടതാണ് .

## 1-36 കരാർ ചമയ്ക്കാത്ത കരാറുകാരനെതിരെ നിയമ നടപടികൾ സ്വീകരിച്ചില്ല .

തെരുവിൽപ്പടി ഇലവുംമൂട്ടിൽപടി റോഡ് കോൺക്രീറ്റിംഗ് (പ്രോജക്ട് നം.114/22),ആറ്റുവാശ്ശേരി പനനിലരംമുകളിൽ റോഡ് നവീകരണം (പ്രോജക്ട് നം. 120/22) എന്നീ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ യഥാക്രമം 7-11-22, 3-12-22 എന്നീ തീയതികളിൽ പൂർത്തിയാക്കി. ശ്രീ . സോമി സി. സാമുവൽ എന്ന കരാറുകാരന് അംഗീകരിച്ച് നൽകിയിട്ടുണ്ട്. ടെൻഡർ സ്വീകരിച്ചതായ അറിയിപ്പ് അയച്ച തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതായിരുന്നു. പ്രവൃത്തികളുടെ ടെണ്ടർ ശ്രീ.സോമി സി. സാമുവൽ എന്ന കരാറുകാരന് അംഗീകരിച്ച് നൽകിയതിന് ശേഷം സെലക്ഷൻ നോട്ടീസ് നൽകി കരാറിൽ ഏർപ്പെടുവാൻ നിർദ്ദേശിച്ചുവെങ്കിലും ടിയാൻ നിയമപ്രകാരമുള്ള കരാറുകൾ ചമച്ചിട്ടില്ല. കരാർ ചമയ്ക്കാതിരുന്ന കരാറുകാരന്റെ കരാർ റദ്ദാക്കി ഇ.എം.ഡി കണ്ട് കെട്ടി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെൻഡർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

ടെണ്ടറുകൾ അംഗീകരിക്കപ്പെട്ടതിനു ശേഷം കരാറുകൾ ചമച്ച് പ്രവൃത്തി സ്ഥലം ഏറ്റെടുത്ത് നിർമ്മാണം നടത്തുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരനെ ബ്ലാക്ക് ലിസ്റ്റ് ചെയ്ത് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നിയമ നടപടികളും ടിയാൻ ഒടുക്കിയിട്ടുള്ള സെക്യൂരിറ്റി തുകകൾ കണ്ടുകെട്ടുന്നതിനുള്ള നടപടികളും സ്വീകരിച്ച് വിവരം ഓഡിറ്റിൽ

അറിയിക്കേണ്ടതാണ്.

### 1-37 ഇ-ടെണ്ടർ ഫീസ് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ഈടാക്കിയിട്ടില്ല.

2018 ഒക്ടോബർ മുതൽ 2023 ഓഗസ്റ്റ് വരെ ഇ-ടെണ്ടർ ഫീസിനത്തിൽ ലഭിച്ച 319376/- രൂപ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ ആണ് നിക്ഷേപിച്ചിട്ടുള്ളത്. ആയത് തിരികെ ഈടാക്കിയിട്ടില്ല. ടെണ്ടർ ഫീസുകൾ ഒടുക്കുന്നതിന് പ്രത്യേകം അക്കൗണ്ടുകൾ തുടങ്ങണമെന്ന് സ.ഉ(സാധാ)3186/17/തസ്വഭവ ;2-10-2017 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. ടി നിർദ്ദേശം കർശനമായി പാലിക്കേണ്ടതും 319376/- രൂപ ടെൻഡർ ഫീസിനത്തിൽ ലഭിക്കാനുള്ള തുക തിരികെ ലഭിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 400000 | അങ്കണവാടി പോഷകാഹാര പദ്ധതി | 400000 | 0 |
| | | 550000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്(ജനറൽ) | 550000 | 0 |
| | | 599343 | സ്വാന്തന പരിചരണം | 599343 | 0 |
| | | 412961 | കാട്ടുപന്നി ശല്യത്തിൽ നിന്നും വിളകൾക്ക് സംരക്ഷണം | 412961 | 0 |
| | | 1409931 | നെൽകൃഷി വികസനം | 1409931 | 0 |
| | | 260928 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 260928 | 0 |
| | | 1300000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 1300000 | 0 |
| | | 6710000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 6710000 | 0 |
| ആകെ | | 11643163 | | 11643163 | |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 146200 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് (ജനറൽ) | 146200 | 0 |

| | | | | | |
|---|---|---|---|---|---|
| | | 309718 | കാട്ടുപന്നി ശല്യത്തിൽ നിന്നും വിളകൾക്ക് സംരക്ഷണം | 309718 | 0 |
| | | 338469 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 338469 | 0 |
| | | 320000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 320000 | 0 |
| | | 260000 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 260000 | 0 |
| | | 100000 | ആശ്രയ പദ്ധതി | 100000 | 0 |
| ആകെ | | 1474387 | | 1474387 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായ തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ (12/23) | 3946658 | 0 | 3946658 |
| | പട്ടികജാതി കോളനികളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനും പോസ്റ്റ് മാറ്റിവയ്ക്കലും (128/23) | 280990 | 0 | 280990 |
| | എസ് സി കോളനികളിലേക്ക് സ്ട്രീറ്റ്മെയിൻ എക്സ്റ്റൻഷൻ (199/23) | 239780 | 0 | 239780 |
| | ഗതാഗത തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (201/23) | 25886 | 0 | 25886 |
| ജലനിധി | ജലനിധി പദ്ധതി (188/23) | 350000 | 0 | 350000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല

## 4-4 വായ്പ /വായ്പ തിരിച്ചടവ്

തൻ വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| | | മുതൽ | പലിശ | |
| ലൈഫ് ഭവനപദ്ധതി (KURDFC) | 3070940 | 2957465 | | 1,13,475 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-4 | 2016-17 | അനുബന്ധം 2 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-7 | 2016-17 | അനുബന്ധം 2 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2018-19 | 1-20 | 2019-20 | 3.1.2 | എൽ.ഇ.ഡി തെരുവ് വിളക്ക് സ്ഥാപിക്കൽ - പ്രോജക്റ്റ് അംഗീകാരം വാങ്ങിയത് ക്രമപ്രകാരമല്ല, ടെണ്ടർ ക്ഷണിക്കാതെ അമിതവില നൽകി ലൈറ്റുകൾ വാങ്ങി | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 72427981 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 35159913 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

തടസ്സപ്പെടുത്തിയ തുക

ഇല്ല

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.പിറ്റിഎ/പി2/181/04, തീയതി 6.1.2005 | 2 |
| 1999-00 | എൽ.എഫ്.പിറ്റിഎ/പി2/224/04 തീയതി 3.2.2005 | 5 |
| 2000-01 | എൽ.എഫ്.പിറ്റിഎ/പി2/535/04 തീയതി 3.3.2005/13.3.2005 | 8 |
| 2001-02 | എൽ.എഫ്.പിറ്റിഎ/പി2/550/04 തീയതി 3.3.2005 | 3 |
| 2002-03 | എൽ.എഫ്.പിറ്റിഎ/പി2/818/04 തീയതി 6.4.2005 | 1 |
| 2003-04 | എൽ.എഫ്.പിറ്റിഎ/പി2/272/05 തീയതി 24.1.2006 | 7 |
| 2004-05 | എൽ.എഫ്.പിറ്റിഎ/പി10/1137/07 തീയതി 6.12.2008 | 6 |
| 2005-06 | എൽ.എഫ്.പിറ്റിഎ/പി10/708/09 തീയതി 25.3.2010/ 15.7.2011 | 6 |
| 2006-07 | എൽ.എഫ്.പിറ്റിഎ/പി10/838/10 തീയതി 11.1.2013 | 7 |
| 2007-08 | എൽ.എഫ്.പിറ്റിഎ/പി10/766/11 തീയതി 15.1.2013 | 4 |
| 2009-10 &2010-11 | എൽ.എഫ്.പിറ്റിഎ/പി10/505/13 തീയതി 17.12.2013/ 7.1.2014 | 10 |
| 2011-12 | എൽ.എഫ്.പിറ്റിഎ/പി10/505/13 തീയതി 17.12.2013/ 18.1.2014 | 23 |
| 2012-13 | എൽ.എഫ്.പിറ്റിഎ/പി10/1086/14 തീയതി 6.5.2015/ 8.5.2015 | 21 |
| 2013-14 | എൽ.എഫ്.പിറ്റിഎ/പി10/456/15 തീയതി 7.7.2015/ 21.7.2015 | 22 |
| 2014-15 | കെ.എസ്.എ.പിറ്റിഎ/പി10/745/16 തീയതി 16.7.2016 | 4 |
| 2015-16 | കെ.എസ്.എ.പിറ്റിഎ./പി10/95/17 തീയതി 31.3.2018 | 2 |
| 2016-17 | കെ.എസ്.എ.പിറ്റിഎ. പി10/984/17 തീയതി 14.09.2017 | 2 |
| 2017-18 | കെ.എസ്.എ.പിറ്റിഎ. പി10/1298(എ)/18 തീയതി 16.10.2018 | 4 |
| 2018-19 | കെ.എസ്.എ.പിറ്റിഎ. പി10/783/19 തീയതി 10.10.2019 | 7 |
| 2019-20 | കെ.എസ്.എ.പിറ്റിഎ. പി10/603/21 തീയതി 29.9.2021 | 12 |

| | | |
|---|---|---|
| 2020-21 | കെ.എസ്.എ.പിറ്റിഎ. പി10/604/21 തീയതി 30.9.2021 | 8 |
| 2021-22 | കെ.എസ്.എ.പി.റ്റി.എ.പി.10/893/2022 തീയതി:28.10.2022 | 22 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 14-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the KODUMON Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of KODUMON Grama Panchayat for the year 2022-2023

Date: 22/11/2023

Deputy Director
District Office Pathanamthitta
Kerala State Audit Department

## Audit Report appended to the Audit Certificate of KODUMON Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1.The mandatory financial statements such as notes on account and ratios prescribed in accounting rules are not submitted for Audit.

2. Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents .

3.The Asset value shown in Balance sheet is not traceable to Asset Register due to unsupported design of existing asset register.

4. Appropriation control Register for Suchithwa Mission Grant is not maintained.

5. The Closing Balance of Finance Commission Grant Account is not accurate.

6. The amount shown is earlier Account of Jalanidhi Project is not accounted as liability.

7. The liability of loan account shown in schedule B5 is not accurate.

8. Deposit Register and Annual Financial Statements does not match.

9. Incorrect amount entered under Investment Account Head.

10. Demand, collection and balance amounts shown in the Property Tax Software, Sanchaya does not match with the Annual Finance Statements.

11. Prepaid program expenses -accounting is not accurate.

12. Advance to implementing agencies were not regulated as per utilisation certificate issued.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കൊടുമൺ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്